കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ഓഡിറ്റ് റിപ്പോർട്ട്
# നൂൽപ്പുഴ പഞ്ചായത്ത്

2017 – 18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, വയനാട്

E-mail dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4/874/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – 673121
ഫോൺ: 04936-203672
തീയതി 10.12.2018
E-mail dowyd.ksad@kerala.gov.in

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-6 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1,3-3, 3-23ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.. .ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.. .ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ്

റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.. .റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഓഡിറ്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3)കാര്യാലയ പകർപ്പ്

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ2017-18സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. ഗ്രാമപഞ്ചായത്ത് 01/04/2017 മുതൽ 02/09/2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടു ത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി. വസന്ത.പി.എസ്. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03/09/2018 മുതൽ 13/09/2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.എസ് അജിത്ത്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.നവാസ് കെ.എം, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഡേവിഡ്.കെ.വി അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു.കെ.കെ. അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.ലത, ടി.കെ. ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശോഭനകുമാർ | 01.04.2017മുതൽ 31.03.2018വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.നിർമ്മല മാത്യു | 01.04.2017മുതൽ 31.03.2018വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസനകാര്യം) | ശ്രീ.ഫൈസൽ.സി | 01.04.2017മുതൽ 31.03.2018വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി.പുഷ്പ ഭാസകരൻ | 01.04.2017മുതൽ 31.03.2018വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീ.ബാലൻ.വി | 01.04.2017മുതൽ 31.03.2018വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.വി.എം അബ്ദുള്ള | 01.04.2017മുതൽ 21.07.2017വരെ |
| | ശ്രീ. വി. ഉസ്മാൻ | 22.07.2017മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീമതി.കെ.ബി ഷോബി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ദാഹിർ മുഹമ്മദ് | 1.04.2017മുതൽ 31.03.2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സാലി ടി.സി | 01.04.2017മുതൽ 23.09.2017FNവരെ |
| | ശ്രീമതി.സ്മിതാ തോമസ് | 23.09.17 AN മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ അസൈനാർ | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. | ശ്രീ. ലെനിൻ. ടി.ഇ | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര എ.ആർ | 01.04.2017മുതൽ 31.03.2018വരെ |
| അസി. എഞ്ചിനീയർ | ശ്രീ.സലോഷ്.കെ.തോമസ് | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഷീലാ തോമസ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.നിഷ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.രഞ്ജിത്ത് | 01.04.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം

ഭാഗം 1

| |
|---|
| <u>ഭാഗം – 1</u> |

| | | |
|---|---|---|
| പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാലർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷപ്യത്രം<br>നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലപം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോപനം |
| 7 | 1-7 | തെഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 13 | 1-13 | പൊതു അവലോകനം |
| 14 | 1-14 | നിർവ്വഹണ നിരീക്ഷണ സംവിധാനം വിലയിരുത്തൽ |
| ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരിക്ഷണങ്ങൾ | | |
| 15 | 2-1 | തനത് അക്കൗണ്ടിലെ വരവ് പരിശോധൻ -സൂപ്പർവിഷൻ വിലയിരുത്തൽ |
| 15 | 2-2 | തനത് അക്കൗണ്ടിന് 2 ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. |
| 16 | 2-3 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന അതേ രസീത് ബുക്കുകൾ നൽകുന്നു. |
| 17 | 2-4 | ചെക്ക് ആന്റ് ഡ്രാഫറ്റ് രജിസ്റ്റർ |
| 18 | 2-5 | ടെണ്ടർഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 19 | 2-6 | റിസോർട്ടുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. |
| ഭാഗം - 3<br>ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | 3-1 | ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ടാറിന് |

| | | |
|---|---|---|
| | | കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും അനുവദിച്ചതിനാൽ നഷ്ടം |
| 21 | 3-2 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല<br>നഷ്ടം 32440/- രൂപ |
| 22 | 3-3 | എസ്റ്റിമേറ്റ് തുകയേക്കാൾ അധികം ചെലവ്. |
| 23 | 3-4 | റോഡിന്റെ പൊളിഞ്ഞ ഭാഗത്തിന്റെ റിപ്പയർ -നടപ്പിലാക്കിയിട്ടില്ല. |
| 24 | 3-5 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ തുക അനുവദിച്ചു. |
| 25 | 3-6 | കരാറുടമ്പടി പ്രകാരം നൽകേണ്ടതിലും അധിക തുക നൽകി. |
| 26 | 3-7 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തികരിക്കുന്നതിൽ വീഴ്ച - നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 27 | 3-8 | അധികമായി നൽകിയ തുക തിരികെ ഈടാക്കിയതിൽ കാലതാമസം |
| 28 | 3-9 | പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പൊതുവായ അപാകതകൾ |
| 29 | 3-10 | വിനിയോഗസാക്ഷ്യപത്രവും ഭൗതികനേട്ടറിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. |
| 30 | 3-11 | സർവ്വ ശിക്ഷാ അഭിയാൻ വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. |
| 31 | 3-12 | നിർവഹണ ഏജൻസി പഞ്ചായത്തിൽ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. |
| 32 | 3-13 | സാഫല്യം ഭവന പദ്ധതി |
| 33 | 3-14 | കുടുമബശ്രീ യൂണിറ്റുകൾക്ക് കോഴിവളർത്തൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 34 | 3-15 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ |
| 35 | 3-16 | അഗതി-ആശ്രയ പദ്ധതി-നൽകിയ തുക ചെലവഴിച്ചില്ല |
| 36 | 3-17 | സമഗ്ര കോളനി വികസനപദ്ധതി -തുക ലഭിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല |

| | | |
|---|---|---|
| 37 | 3-18 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടവാക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 38 | 3-19 | തെരുവുടാപ്പുകൾക്ക് വെള്ളക്കരംഅടവാക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| 39 | 3-20 | പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം -നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല. |
| 40 | 3-21 | സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തത്. |
| 41 | 3-22 | ഇ-ഹെൽത്ത് – രജിസ്ട്രേഷൻ പൂർത്തിയായില്ല |
| 42 | 3-23 | നൂൽപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം |
| ഭാഗം – 4<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 43 | 4-1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 44 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 45 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 46 | 4-4 | വായ്പ /വായ്പാതിരിച്ചടവ് |
| 47 | 4-5 | സ്ഥിര നിക്ഷേപം |
| 48 | 4-6 | ഓഡിറ്റ് റിക്കവറി |
| 49 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 50 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 51 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 52 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
| | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| | അനുബന്ധം-2 | വാർഷിക കണക്കിലെ അപാകതകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

..2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 24/03/2017തീയതിയിലെ 01-)o നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 05/05/2018 | ------- | -------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13/06/2018 മുതൽ 14.06.2018 വരെ | കെ.എസ്.എ ഡബ്ല്യൂ.വൈ ഡി പി 4-511/18 തീ.17/06/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,66,64,086/- |
| വരവ് | 10,16,84,158/- |
| ആകെ | 11,83,48,244/- |
| ചെലവ് | 10,47,79,690/- |
| നീക്കിയിരിപ്പ് | 1,35,68,554/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 30793000 | 30793000 | 27896099 | 2896901 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1469102 | 1469102 | 1052292 | 416810 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 30843465 | 30843465 | 14491296 | 16352169 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 20380000 | 20380000 | 9800008 | 10579992 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5823000 | 5823000 | 5694352 | 128648 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 14461652 | 14461652 | 7176035 | 7285617 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 671035 | 671035 | 449914 | 221121 |
| സാക്ഷരത | | 67058 | 3929 | 70987 | - | 70987 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 46323124 | 46323124 | 46323124 | 0 |
| | മെറ്റീരിയൽ | 0 | 1945677 | 1945677 | 1945677 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 197142 | 3178608 | 3375750 | 3360583 | 14897 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3000000 | 3000000 | 3000000 | 0 |
| | ജില്ലാപഞ്ചായത്ത് | 0 | 800000 | 800000 | 800000 | 0 |
| ബി ഫണ്ട് | | | 41870480 | 41870480 | 41870480 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ------- | ------- | ------- | ------- | ------- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1960811 | 11748812 | 13709683 | 7109062 | 6600621 |
| മറ്റിനം | | | 15317 | 15317 | 649 | 14668 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 2,51,3000/- | 154 | 18,39,220/- | ഇല്ല | 111 | 58.11% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 197142 | 3178608 | 3375750 | 3360583 | 14897 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 46323124 | 46323124 | 46323124 | ----- |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹53880 | 87 |
| കർഷകതൊഴിലാളി പെൻഷൻ | ₹4149700 | 377 |
| വിധവാപെൻഷൻ | ₹15289200 | 1334 |
| വാർദ്ധക്യകാലപെൻഷൻ | ₹18879400 | 1698 |
| വികലാംഗപെൻഷൻ | ₹2928800 | 277 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 50വയസ്സിനു മുകളിൽ | ₹5695000 | 50 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/09/2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,769/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

എ) 10/10797/17 ആയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫയലിലുള്ള എ3/755/17 തീയതി 28/06/07 കത്ത് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റിന്റെ ചട്ടങ്ങൾ തിരുത്തലിനെക്കുറിച്ചാണ്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ടി വിഷയത്തെക്കുറിച്ച് തീരുമാനമെടുത്തതും [തീരുമാനം 1/1207/17] ഭരണസമിതി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ടി തീരുമാനത്തെ അംഗീകരിച്ചതായും കാണുന്നു. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തിരുത്തൽ വരുത്തിയിട്ടില്ല

2017-2018 പദ്ധതിരേഖ പ്രകാരം ടൗണിലെ മാലിന്യം, ഗാർഹിക മാലിന്യം എന്നിവ ഗുരുതര പ്രശ്നമായി കാണുന്നു. പദ്ധതിച്ചെലവുകൾക്കുശേഷം 2018-2019 പദ്ധതിരേഖ പ്രകാരവും ഗുരുതരപ്രശ്നമായി കാണുന്നു.

കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണച്ചട്ടത്തിലെ റൂൾ 23 പ്രകാരം, പെർമിറ്റ് പ്രകാരം തന്നെയാണ് പണി നടക്കുന്നതെന്നുറപ്പ് വരുത്തുക റൂൾ 20 പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. സെക്രട്ടറി ആയതു ചെയ്തു കാണുന്നില്ല.

കെട്ടിട നിർമ്മാണച്ചട്ടം റൂൾ 147 പ്രകാരം ഓരോ മൂന്നുമാസം കൂടുന്തോറും സർക്കാരിന് പെർമിറ്റിന്റെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകേണ്ടതുണ്ട്. ആയതും ചെയ്തു കാണുന്നില്ല.

ആരോഗ്യ പദ്ധതികളുടെ ചെലവുകളുടെ തുകകൾ പദ്ധതി അനുമതി ലഭിച്ചതിനുശേഷം മൂന്നു മാസത്തിലേറെ വൈകിയാണ് ചെലവിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത്. പദ്ധതി അംഗീകരിച്ച നമ്പറുകളും മാറ്റിയതായി കാണുന്നു. ഓഫീസ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ ചേരുകയും ഓഫീസ് ഉത്തരവുകൾ നൽകുകയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.07.2018 to 04.07.2018 | 2017/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2014 to 25.07.2014 | 2009/10 to 2013-14 | 17.09.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ സാക്ഷ്യപത്രം - അനുബന്ധം 1 ആയും, അനുബന്ധം – 2 ആയി വാർഷിക കണക്കിലെ അപാകതകളും ചേർത്തിട്ടുണ്ട്.

## 1-13 പൊതു അവലോകനം

കേരളത്തിലെ മറ്റ് ജില്ലകളെ അപേക്ഷിച്ച് വ്യത്യസ്തമായ ഭൂമിശാസ്ത്ര പ്രത്യേകതകൾ ഉള്ള ജില്ലയാണ് വയനാട്. ജില്ലയിലെ ആകെ ജനസംഖ്യയുടെ 17% പട്ടികവർഗ്ഗ വിഭാഗക്കാരും 5% പട്ടികജാതിക്കാരുമാണ്. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിൻെറ കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാമൂഹ്യപരവുമായ പലവിധകാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരാശ്രേണിയിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട്പോയ ഗോത്രജനതയുടെ ഭൂമിക കൂടിയാണ്.

ആകെ ജനസംഖ്യയുടെ 40% -ൽ അധികമാണ് ഗോത്രജനസംഖ്യ. ഗോത്രജനസംഖ്യയിൽ സംസ്ഥാനത്ത് രണ്ടാംസ്ഥാനം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിനാണ്. പഞ്ചായത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും വനപ്രദേശമാണ്. നിബിഢ വനപ്രദേശങ്ങൾക്കുള്ളിൽ യാതൊരു ഗതാഗതമാർഗ്ഗവും വൈദ്യുതിയും ഇല്ലാത്ത ഗ്രാമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയാണ്. തമിഴ്നാടുമായും കർണ്ണാടകയുമായും അതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണ് വന്യമൃഗശല്യവും ലീസ് ഭൂമിയിലെ പ്രശ്നങ്ങളും. കൂടാതെ സ്വാഭാവിക വനം വെട്ടിമാറ്റി കൃത്രിമവനവൽക്കരണം നടത്തിയതിനാൽ ജലക്ഷാമവും രൂക്ഷമാണ്.

ഗ്രാമപഞ്ചായത്തിൽ ഗോത്രവിഭാഗങ്ങളെയും (വനത്തിനുള്ളിൽ താമസിക്കുന്നവർ ഉൾപ്പെടെ) മറ്റ് വിഭാഗങ്ങളെയും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് സൂക്ഷിക്കുന്നില്ല. വനപ്രദേശങ്ങൾ, നിബിഡവനത്തിനുള്ളിൽ ഉള്ള ഗുണഭോക്താക്കൾ എന്നിവിടങ്ങളിൽ ഗ്രാമസഭകൾ കൂടുന്നതിന് മുൻകൂട്ടിയുള്ള വിവരങ്ങൾ അറിയിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. 12ഓളം ഗ്രാമങ്ങൾ നിബിഡവനത്തിനുള്ളിൽ ആയതിനാൽ തന്നെ ഇവിടങ്ങളിലെ ജനങ്ങൾക്ക് ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനും മറ്റ് വിവരങ്ങൾ അറിയുന്നതിനും കഴിയുന്നില്ല. എന്നിരുന്നാലും ഗ്രാമസഭകളിൽ ക്വാറം തികയുന്നുണ്ട്. ആകെയുള്ള ജനങ്ങളിൽ 90 ശതമാനത്തിലധികവും ചെറുകിട നാമമാത്രകർഷകരാണ്. വന്യമൃഗശല്യം ആണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. എന്ത് തരം കൃഷി നടത്തിയാലും യാതൊരു വരുമാനവും നേടാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൃഷിയിടങ്ങൾ ഭൂരിഭാഗവും തരിശ്ശായി കിടക്കുന്നു. സംസ്ഥാനത്താദ്യമായി രണ്ട് കർഷകർ കടുവക്ക് ഭക്ഷണമായത് നൂൽപ്പുഴ പഞ്ചായത്തിലാണ് ആന, കടുവ എന്നിങ്ങനെ എല്ലാത്തരം വന്യമൃഗങ്ങളും കൃഷിഭൂമിയിൽ ഇറങ്ങുന്നത് പതിവുകാഴ്ചയാണ്. വർഷം തോറും കർഷകർക്ക് ആനകളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നു. കാർഷികനഷ്ടങ്ങൾക്ക് ലഭിക്കുന്നത് പരിമിതമായ നഷ്ടപരിഹാരം മാത്രമാണ്. വെറും ഭൂമിയുണ്ടെന്നുള്ള പേരിൽ ആനുകൂല്യങ്ങൾ കർഷകർക്ക് നിഷേധിക്കപ്പെടുന്നു. വന്യമൃഗശല്യത്തിൽനിന്ന് നാടിനേയും നാട്ടുകാരേയും രക്ഷിക്കാൻ കാടും നാടും വേർതിരിച്ച്, വന്യമൃഗങ്ങൾ കാട്ടിനകത്ത് സ്വൈര്യവിഹാരം നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചാൽ മാത്രമേ രൂക്ഷമായ വന്യമൃഗശല്യം നേരിടുന്ന ജനതയെ സമാധാനത്തിലേക്ക് നയിക്കാൻ കഴിയൂ.

നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും അതോടൊപ്പം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സമ്മതമില്ലായ്മയും പ്രശ്നമാണ്.

വന്യമൃഗശല്യവും ലീസ് ഭൂമിയിലെ പ്രശ്നങ്ങളും നേരിടുന്ന കർഷകർക്കും ലഹരിക്കടിമപ്പെടുന്ന ഗോത്രവർഗ്ഗക്കാർക്കും സ്കൂളുകളിലെത്താൻ മാർഗ്ഗമില്ലാത്ത കുട്ടികൾക്കും വേണ്ടി പദ്ധതികൾ രൂപീകരിക്കാൻ നിലവിലെ സബ്സിഡി മാർഗ്ഗരേഖപ്രകാരം കഴിയുന്നില്ല.വിദ്യാഭ്യാസമേഖലയിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിത്യസംഭവമാണ്. കാടിനുള്ളിലൂടെ ദുഷ്കരമായി യാത്ര ചെയ്ത് വിദ്യാലയത്തിലെത്താൻ കഴിയാത്ത കുട്ടികൾക്കായി ഏകാദ്ധ്യാപക വിദ്യാലയം പോലുള്ള സമാന്തര വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കാൻ നിലവിലുള്ള നിയമപരിമിതികൾ തടസ്സമാണ്.



രണ്ടര കിലോമീറ്റർ നിബിഡവനത്തിനകത്തുള്ള ചെട്ട്യാലത്തൂർ, 12 കിലോമീറ്റർ നിബിഡവനത്തിനകത്തുള്ള കുറിച്യാട് എന്നീ ഗ്രാമങ്ങളിലെ അന്തേവാസികൾക്ക് പുറംലോകത്തെത്താനോ ഗ്രാമപഞ്ചായത്ത്, ആരോഗ്യകേന്ദ്രങ്ങൾ മുതലായ സ്ഥാപനങ്ങളിലെത്തുന്നതിനോ യാതൊരു മാർഗ്ഗങ്ങളും ഇല്ല. ഈ ഗ്രാമങ്ങളിലേക്ക് വൈദ്യുതിയും എത്തിയിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സമ്മതപത്രം കിട്ടാത്തതാണ് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തത്. പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം പഠിക്കുന്ന ചെട്ട്യാലത്തൂർ, മുത്തങ്ങ എന്നീ സ്കൂളുകളിലേക്ക് ഗതാഗത സൗകര്യം ഇല്ല. കിലോമീറ്ററുകളോളം നടന്നാണ് ചെറിയ കുട്ടികൾ ചെട്ട്യാലത്തൂർ സ്കൂളിലും അങ്കണവാടിയിലും എത്തുന്നത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സമ്മതം ഇല്ലാത്തതിനാൽ റോഡുകൾ

നിർമ്മിക്കുന്നതിനും കഴിയുന്നില്ല. സ്കൂളിലും അങ്കണവാടിയിലും പോകുന്ന കുട്ടികൾ ആനകളുടെ മുൻപിൽ അപകടത്തിൽ പെടുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ചെട്ട്യാലത്തൂർ പ്രദേശത്തുതന്നെ വൈദ്യുതീകരിക്കാത്ത 80 വീടുകൾ ഉണ്ട്. നിലവിലുള്ള പദ്ധതി രൂപീകരണ/നിർവഹണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ ഇത്തരത്തിൽ ഉള്ള പ്രശ്നങ്ങളിൽ എന്തെങ്കിലും തരത്തിൽ നടപടികൾ എടുക്കാനോ പഞ്ചായത്തിന് കഴിയുന്നില്ല.



2006 ലെ കേന്ദ്രഗവൺമെന്റ് സ്കീം പ്രകാരം വയനാട്ടിൽ നിബിഡവനത്തിനുള്ളിലുള്ള 14 സെറ്റിൽമെന്റ് കേന്ദ്രങ്ങളിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ തീരുമാനമെടുത്തു. അതിൽ 12 കേന്ദ്രങ്ങൾ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലാണ്. ഇതിൽ 2 കേന്ദ്രങ്ങളിലെ ജനങ്ങളെ മാത്രമാണ് നാളിതുവരെ മാറ്റിപാർപ്പിക്കാൻ കഴിഞ്ഞത്. അവയിലെ ജനങ്ങളുടെ പുനരധിവാസം തന്നെ നാളിതുവരെ പൂർത്തിയായിട്ടില്ല. 2006 ൽ നൽകിയ നാമമാത്രമായ നഷ്ടപരിഹാരം മാത്രമാണ് 2016 ലും നൽകുന്നത്. അതുകൊണ്ടുതന്നെ പുനരധിവാസം അപ്രായോഗിഗമാണ്. ഭൂമിക്ക് പകരം ഭൂമി എന്ന കർഷകരുടെ ആവശ്യം എവിടെയും പരിഗണിക്കപ്പെടുന്നില്ല.

മുൻകാലങ്ങളിൽ നന്നായി മഴ ലഭിച്ചിരുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 1970ന്റെ അവസാനഘട്ടത്തിലാണ് സ്വാഭാവികവനം മുറിച്ചുമാറ്റി തേക്കും യൂക്കാലിപ്റ്റ്സും അക്വേഷ്യയും വെച്ചുപിടിപ്പിച്ചത്. ഇതോടുകൂടി വനത്തിൽ ഭക്ഷണവും വെള്ളവും ഇല്ലാതെ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങി. ആയതിനാൽ പൊതുജന പങ്കാളിത്തത്തോടെ സ്വാഭാവിക വനവൽക്കരണപദ്ധതികൾ നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. വനത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തി നിർജ്ജലീകരണത്തിന് കാരണമാകുന്ന മരങ്ങൾ നട്ടുവളർത്തിയതുമൂലം പൊൻകുഴി നായ്ക്കകോളനി, പണിയകോളനി, തേലമ്പറ്റ പണിയകോളനി, മുത്തങ്ങ ഗോളൂർ പണിയകോളനി, മുത്തങ്ങ ചിക്കാലിക്കുനി കോളനി എന്നിവിടങ്ങളിൽ ഭൂഗർഭജലനിരപ്പ് താഴുകയും കുടിവെള്ള സ്രോതസ്സുകൾ വറ്റിവരളുകയും ഗോത്രജനത ശുദ്ധമായ കുടിവെള്ളം ലഭിക്കാതെ ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് അടിപ്പെടുകയും ചെയ്യുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടപ്പോൾ ബ്രിട്ടീഷ് ഗവൺമെന്റ് കുറെ ആളുകളെ വനത്തിനകത്ത് ഭക്ഷ്യഉൽപ്പാദനത്തിന് വേണ്ടി താമസിപ്പിച്ചു. തലമുറകളോളം വനഭൂമിയിൽ കൃഷി നടത്തി ഭക്ഷ്യഉൽപ്പാദനം നടത്തിയ ഈ കർഷകർക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഫോറസ്റ്റ് റൈറ്റ് ആക്ട് പ്രകാരം 75വ്രഷമോ 3 തലമുറയോ സ്ഥിരതാമസം നടത്തുന്നവർക്കാണ് കൈവശാവകാശരേഖ ലഭിക്കുന്നത്. കർഷകരിൽ പലരും ഭൂമി കൈമാറ്റം ചെയ്തതിനാൽ കൈവശാവകാശരേഖയും ഇല്ല. ഗവൺമെന്റ് നിർദ്ദേശാനുസരണം നാടിന് വേണ്ടി ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിനായി തലമുറകളോളം പണിയെടുത്ത കർഷക്രു വെറും കൈയോടെ

തെരുവിലേക്കിറങ്ങേണ്ട അവസ്ഥയാണ് ഇന്ന്. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 2000 കൃഷകരാണ് ഫോറസ്റ്റ് ലീസ് ഭൂമിയിൽ യാതൊരു ആനുകൂല്യവും ഇല്ലാതെ കഴിയുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന വികസനപ്രവർത്തനങ്ങൾ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയുടെ വിവരം ഗുണഭോക്താക്കൾക്കെ ത്തിക്കുന്നതിന് സംവിധാനങ്ങൾ ഇല്ല. നിബിഡവനത്തിനുള്ളിലുള്ള ഗുണഭോക്താക്കൾക്ക് അസുഖം ബാധിച്ചാൽ ചികിൽസ നേടാനുള്ള സൗകര്യം പോലും ഒരുക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. വാഹനസൗകര്യം, വാർത്താവിനിമയ ഉപാധികൾ എന്നിവ ഒരുക്കുന്നതിന് നിലവിലുള്ള നിയമങ്ങളും അനുവദിക്കുന്നില്ല. കൂടാതെ ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട സാമ്പത്തികസ്ഥിതിയും പഞ്ചായത്തിനില്ല. വനത്തിനുള്ളിൽ ചുറ്റപ്പെട്ട് ദുരിതമനുഭവിക്കുന്ന ഗോത്രജനതയുടെ ഏറ്റവും ഗുരുതരമായ ആരോഗ്യപ്രശ്നമായി മാറുകയാണ് തൂക്കക്കുറവുള്ള കുട്ടികളുടെ ജനനം. ശൈശവമരണവും ഇവരുടെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുന്നു. പോഷകാഹാരക്കുറവ് പരിഹരിക്കാൻ പരമ്പരാഗത കിഴങ്ങിനങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ തുടങ്ങി പോഷകാഹാരത്തികവുള്ള ഭക്ഷണത്തിന്റെ ഉൽപ്പാദനവും ഉപയോഗവും പരിഹാരമായി കണ്ടുകൊണ്ടുള്ള ആരോഗ്യപദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

ജനങ്ങൾ നേരിടുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഗ്രാമസഭയിലും മറ്റും ചർച്ചക്ക് വരുന്നുണ്ടെങ്കിലും പഞ്ചായത്തിന് ഇവയിൽ ഇടപെടാനോ, ചെറിയൊരു ആശ്വാസമെങ്കിലും നൽകുന്നതിനോ കഴിയുന്നില്ല എന്നാണ് പഞ്ചായത്ത് സെക്രട്ടറിയുടെയും ഭരണസമിതിടെയും വിശദീകരണം.

## 1-14 നിർവ്വഹണ നിരീക്ഷണ സംവിധാനം വിലയിരുത്തൽ

(എ) ജി.ഒ. (ആർ.ടി)1699/2017/എൽ.എസ്.ജി.ഡി. തീയതി 24.05.17 പ്രകാരമുള്ള തദ്ദശ സ്ഥാപന ഓഫീസ് മാനേജ്മെൻറ് മാന്വലിൽ പരാമർശിക്കുന്ന - സൂപ്പർവിഷന്റെ പോരായ്മ കാരണം വരവിനങ്ങളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ ഖണ്ഡിക രണ്ടിൽ ചേർത്തിരിക്കുന്നു.

..

.. (ബി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, പട്ടികജാതി/വർഗ്ഗ വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല.

..

.. (സി) അഗതി/ആശ്രയ പദ്ധതി, പട്ടികവർഗ്ഗ അഗതി/ആശ്രയ പദ്ധതി വിലയിരുത്തൽ സമിതി മാസംതോറും യോഗം ചേരുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

..(ഡി) അംഗൻവാടിയുടെ രണ്ട് കെട്ടിടങ്ങൾ അപകടാവസ്ഥയിലായിട്ടുപോലും ജി.ഒ. (പി) 189/95/തഭവ തീയതി 1995 സെപ്തംബർ 18പ്രകാരം കൈമാറിക്കിട്ടിയ അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

.. (ഇ) വിദ്യാഭ്യാസ ഗുണനിലവാര പരിരക്ഷ, സേവന നിരീക്ഷണം, സ്ഥാപന അവലോകനം പരിഹാര പ്രവൃത്തി എന്നിവ പ്രാവർത്തികമാക്കാൻ നിയമമനുശാസിക്കുന്ന അധികാരവും അവകാശവും ഉത്തരവാദിത്തവും ഗ്രാമസഭയ്ക്ക് ഇന്ത്യൻ ഭരണഘടന ഭാഗം 9 അനുച്ഛേദം 243 എ ഉപഖണ്ഡം പ്രകാരം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ ഗ്രാമസഭയിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ അംഗീകരിച്ച് വേണം അന്തിമ ബൈലോ പ്രസിദ്ധീകരിക്കേണ്ടത് എന്ന വ്യവസ്ഥ പാലിക്കാത്തത് ഗ്രാമസഭാ രൂപീകരണ ലക്ഷ്യത്തിന് തടസ്സമാണ്.

..

..

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് അക്കൗണ്ടിലെ വരവ് പരിശോധന -സൂപ്പർവിഷൻ വിലയിരുത്തൽ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 26 (3) പ്രകാരം ബാങ്ക്/ട്രഷറി സ്റ്റേറ്റമെന്റുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായി ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്. പണം ഒടുക്കിയതിൽ തകരാറുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. എന്നാൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ വരവ് വന്ന തുക ബാങ്ക് (തനത്) അക്കൗണ്ടിൽ കൃത്യമായി വരവ് വരുന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. സൂപ്പർവിഷന്റെ പോരായ്മമൂലം താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ). മായ ഡി.സി. എന്ന ക്ലർക്കിന് 14/02/2018 ഔട്ട് ഡോർ കളക്ഷനായി അനുവദിച്ച 7320-)o നമ്പർ രസീത് ബുക്കിൽ നിന്ന് 27/02/2018 ന് 2-)o നമ്പർ രസീത് പ്രകാരം ഉഷ മലയിൽ, കരിവള്ളിക്കുന്ന് എന്ന ഗുണഭോക്താവിൽ നിന്നും വസ്തുനികുതിയിനത്തിൽ പിരിച്ചെടുത്ത 459/- രൂപ ഓഡിറ്റ് സമയത്ത് ചൂണ്ടികാണിച്ചപ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. 11/09/2018 ന് നൽകിയ - 11/17-18-)o നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറിയുടെ മറുപടി 05/09/2018 ലെ 118030101043, 118030101044 പ്രകാരം 459/- രൂപയും പലിശയും അടവാക്കിയിട്ടുണ്ടെന്നും മേലിൽ അപാകത വരാതെ സൂക്ഷിക്കുന്നതാണെന്നുമാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതെ സൂപ്പർവിഷൻ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബി). 29/05/2017 ലെ ദിവസാന്ത്യകളക്ഷൻ ക്യാഷ് ബുക്ക് പ്രകാരവും ഡേബുക്ക് പ്രകാരവും 21222/-രൂപയാണ് മേൽ തുക അതേ ദിവസം തന്നെ സുൽത്താൻ ബത്തേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ തനത് അക്കൗണ്ടി (നമ്പർ 004001000066) ൽ അടവാക്കിയതായി രസീത് ഡേബുക്കിൽ ഒട്ടിച്ച് ചേർത്തിട്ടുണ്ട്. എന്നാൽ മേൽ തുക പ്രസ്തുത അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത് 15/09/2017 ന് മാത്രമാണ്. നേരിട്ടുള്ള വിശദീകരണം ആരാഞ്ഞപ്പോൾ ബാങ്കിൽ നിന്ന് അക്കൗണ്ട് മാറി ക്രഡിറ്റ് ചെയ്തുവെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്

സി). 01/12/2017 ലെ ദിവസാന്ത്യകളക്ഷൻ ക്യാഷ് ബുക്ക് പ്രകാരവും ഡേബുക്ക് പ്രകാരവും 21032/- രൂപയാണ്. മേൽ തുക അതേ ദിവസം തന്നെ കല്ലൂർ ഗ്രാമീൺബാങ്ക് അക്കൗണ്ടിൽ (നമ്പർ 40179100150357) അടവാക്കിയതായി രസീത് ഡേബുക്കിൽ ഒട്ടിച്ച് ചേർത്തിട്ടുണ്ട്. എന്നാൽ മേൽ തുക പ്രസ്തുത അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത് 19/04/2018 ന് മാത്രമാണ്. നേരിട്ടുള്ള വിശദീകരണം ആരാഞ്ഞപ്പോൾ ബാങ്കിൽ നിന്ന് അക്കൗണ്ട് മാറി ക്രെഡിറ്റ് (ബാങ്കിൽ നിന്നുള്ള വിശദീകരണപ്രകാരം) ചെയ്തുവെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നമ്പർ - 11/17-18 /11/09/2018 ന് സെക്രട്ടറിയുടെ മറുപടി, മേൽ അപാകതകൾ കണ്ടുപിടിച്ച് പരിഹരിച്ചിട്ടുണ്ടെന്നും, നിലവിൽ സൂപ്പർവിഷൻ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഓരോ മാസവും പത്താം തീയതിക്കു മുമ്പ് സ്റ്റാഫ് മീറ്റിംഗ് കൂടുമ്പോൾ ബാങ്ക് ഇടപാടുകൾ സംബന്ധിച്ച കൃത്യത കൂടി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 2-2 തനത് അക്കൗണ്ടിന് 2 ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം അക്കൗണ്ട് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് കല്ലൂർ മലബാർ ഗ്രാമീൺബാങ്കിലും, സുൽത്താൻ ബത്തേരി കോപ്പറേറ്റീവ് ബാങ്കിലും അക്കൗണ്ട്

സൂക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/05/2011 ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ,ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ അവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും പ്രതിപാദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം സൂക്ഷിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റിൽ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 11/17-18 /11/09/2018) സെക്രട്ടറിയുടെ മറുപടി, തനത് വരുമാനം ഒരു ബാങ്കിൽ തന്നെ സൂക്ഷിക്കുന്നതിനും നിലവിൽ കാര്യമായ ബാങ്ക് ഇടപാടുകൾ നടത്താത്ത കോപ്പറേറ്റീവ് ബാങ്ക് കല്ലൂർ ശാഖയിലുള്ള തനത് വരുമാനം അക്കൗണ്ട് ഭരണസമിതി അംഗീകാരത്തോടെ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ്. അക്കൗണ്ട് റദ്ദ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന അതേ രസീത് ബുക്കുകൾ നൽകുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ഗ്രാമപഞ്ചായത്തിന്റെ ഔട്ട് ഡോർ കളക്ഷന് നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും, അക്കൗണ്ട്സ് ചട്ടത്തിൻ പ്രകാരമുള്ള ഫോറത്തിൽ ഉള്ളതുമായരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ച് കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 20(2)(ബി) (ജി.ഒ.(എം.എസ്) 83/11ത.സ്വ.ഭ.വ തീയതി 28.3.2011) കാണുക. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മാത്രം നൽകുന്ന രസീത് ബുക്കുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് അച്ചടിച്ച് ലഭ്യമാക്കുന്നതാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രസീതുകൾ ലഭ്യമാകുമ്പോൾ മാത്രം കാത്തിരിക്കാതെ ഉടൻതന്നെ അച്ചടിച്ച് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ചെക്ക് ആന്റ് ഡ്രാഫറ്റ് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ചെക്ക് ആന്റ് ഡ്രാഫറ്റ് രജിസ്റ്ററിൽ ചെക്ക്/ഡ്രാഫറ്റ് എന്നിവ പണമായി മാറുന്ന തീയതി ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ചെക്ക്/ഡ്രാഫ്റ്റ് ആയി വരവ് വന്ന തുക മുഴുവനും പണമായി മാറിയിട്ടുണ്ടോ എന്ന് ഓഡിറ്റിൽ ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ കാലികമായി പൂർത്തികരിക്കേണ്ടതും ചെക്ക്/ഡ്രാഫ്റ്റ് ആയി വരവ് വന്ന തുക മുഴുവനും പണമായി മാറിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5 ടെണ്ടർഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ടെണ്ടർഫോറം വിൽപ്പന ഇനത്തിൽ 1,34,141/-രൂപ വരവുണ്ട്. കൃത്യത വിലയിരുത്തുന്നതിന് ടെണ്ടർഫോറം രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർഫോറം സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാനും സൂക്ഷിക്കുന്നില്ലെങ്കിൽ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ് എന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 35/17-18/ 12/09/2018 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ടെൻണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടെൻണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇയിനത്തിലുള്ള വരവിന്റെ കൃത്യത

പരിശോധിക്കേ ണ്ടതുമാണ്.

## 2-6 റിസോർട്ടുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 12 റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ 11 സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര്, മേൽവിലാസം |
|---|---|---|
| 1 | വൈൽഡ് ടസ്കർ റിസോർട്ട് | ഷാജി.കെ.സി,കുളത്തിങ്കൽ ഹൗസ്, വാടാനക്കവല, പുൽപ്പള്ളി പി.ഒ. |
| 2 | ഹിൽബ്ലൂംസ് റസിഡൻസി | ശിവരാജൻ,വട്ടക്കാവുങ്ങൽ,മൂലങ്കാവ് പി.ഒ. |
| 3 | റിസോർട്ട് -ഇന്ത്യ ടൂർസ് (പ്രൈ.ലിമിറ്റഡ്) | അൻവർ ചോലമുഖത്ത്, മുത്തങ്ങ |
| 4 | വയനാട് നാച്വറൽ റിസോർട്ട് | മാനേജിംഗ് ഡയറക്ടർ, വയനാട് നാച്വർ റിസോർട്ട്, കമ്പക്കോടി |
| 5 | വൈറ്റ് ലില്ലി റിസോർട്ട് | ഷബീർ അലി, &രഞ്ജിത്ത്, രാധാകൃഷ്ണൻ, തോട്ടാമൂല |
| 6 | ഓർക്കിഡ് റിസോർട്ട് | ദീപു സെബാസ്റ്റ്യൻ &ഐസൺ കെ ജോസ്, മൂക്കുത്തിക്കുന്ന്, നൂൽപ്പുഴ |
| 7 | ചങ്ങാതി ഗ്രീൻവില്ല, മൂക്കുത്തിക്കുന്ന് | വി പി അബ്ദുൾ റസാഖ് |
| 8 | റിസോർട്ട് | ആശാറാണി, വാവത്തിൽ, നായ്ക്കട്ടി – പി. ഒ. |
| 9 | കലിസ്റ്റ റിസോർട്ട് | ജോസ് കുമ്പിക്കൽ, മൂലങ്കാവ് -64 |
| 10 | വയനാട് ഫോർട്ട് റിസോർട്ട്, കല്ലൂർ | യൂസഫ് നെല്ലിയുള്ളതിൽ, ഫാത്തിമ നെല്ലിയുള്ളതിൽ, പൊയിലൂർ പി. ഒ. |
| 11 | വയനാട് ഹിൽടോപ്പ് ഹോളിഡേ ഹോം | സാം മാത്യൂസ്, തിട്ടിയത്തിൽ |

2017-18 വർഷത്തിൽ തൊഴിൽനികുതി അടയ്ക്കാത്ത മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് ഉടൻ തന്നെ അറിയിപ്പ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ടാറിന് കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും അനുവദിച്ചതിനാൽ നഷ്ടം

തൻവർഷം 33 പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയിട്ടുണ്ട് (സെക്രട്ടറിയുടെ 23.01.2018 - ലെ എ-5 - 5374 നമ്പർ ഉത്തരവ് കാണുക). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി കൊടുക്കുന്ന സംഗതിയിൽ ടാറിന്റെ കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും ഒഴിവാക്കിക്കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്ന് 15.07.2016 - ലെ ജി.ഒ.(പി)നം. 96/2016/ധനം ഉത്തരവ് പ്രകാരം സർക്കാർ സ്പഷ്ടീകരിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നൽകിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ കരാറുകാർക്ക് അർഹമായതിലും അധിക തുക നൽകിയതിനാൽ വൻതുക ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ആകെ 2058176/-രൂപയുടെ ടാറാണ് വിവധ പ്രവൃത്തികൾക്കായി വാങ്ങി നൽകിയത്. 2017-18 വർഷത്തെ വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 43.14% മാണ്. ആയതും കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും 15% വും അടക്കം ടാർ വിലയുടെ 58.14% തുക (1196624/-രൂപ) ഇപ്രകാരം കരാറുകാർക്ക് അധികമായി നല്കിയതായി കാണുന്നു. 6.09.2018 -ലെ ഓഡിറ്റ് എൻക്വയറി നം. 03/2017-18 ന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ താഴെ പറയുന്നു.

1) മേൽ പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ടാർ വാങ്ങി നൽകുന്നതിന് തീരുമാനം ഉണ്ടായിരുന്നില്ല. പ്രവൃത്തിയുടെ ടെണ്ടറിന് ശേഷമാണ് ടാർ വാങ്ങിനൽകാൻ തീരുമാനിച്ചത് അതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റ്മേറ്റിൽ ടാർ ഡിപ്പാർട്ട്മെന്റെ സപ്ലൈയായി കാണിക്കാതിരുന്നത്.

2) ടാർ വാങ്ങി നൽകിയത് സീഡ്കോയിലെ പ്രസ്തുത സമയത്തെ റേറ്റ് അനുസരിച്ചാണ് അതെ റേറ്റ് കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. അതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

എസ്റ്റിമേറ്റിൽ ടാർ ഡിപ്പാർമെന്റ് സപ്ലൈയായി കാണിച്ചിട്ടില്ല. അതിനാൽ എസ്റ്റിമേറ്റിൽ ടാറിന്റെ കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്. ബില്ലിൽ നിന്നു പ്രസ്തുത തുക കുറവ് ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ടാറിനുവേണ്ടി ഗ്രാമപഞ്ചായത്ത് നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടെന്നത് ശരിയാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൽകിയ ടാറിന് മേൽ വിവരിച്ച രീതിയിൽ കോസ്റ്റ് ഇൻഡക്സും കാരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും കരാറുകാരന് നൽകേണ്ടതില്ല. അങ്ങനെ നൽകിയ തുകയാണ് മേൽ ചൂണ്ടിക്കാണിച്ച നഷ്ടം. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 3-2 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല നഷ്ടം

**32440/- രൂപ**

ഗ്രാമപഞ്ചായത്ത് ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ടെണ്ടർ തീയതി | ബിഡുകളുടെ എണ്ണം, ഫോറം വില | ആകെ ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | 180/17, വടക്കനാട് സ്കൂളിന് കഞ്ഞിപ്പുര | 25.03.2017 | 32,100 | 6300/-രൂപ |
| 2 | 413/16, തേരമംഗലം ആനപ്പന്തി റോഡ് ഫോർമേഷൻ | 11.03.2016 | 11,040 | 1040/-രൂപ |
| 3 | 490/16, കാരപ്പൂതാടി കളകുന്ന് റോഡ് ടാറിംഗ് | 21.02.2017, 25.03.2017 | 22,100 | 4200/-രൂപ |
| 4 | 461/16, മാറോട് കോളനി റോഡ് | 21.02.2017, 25.03.2017 | 2,2100 | 4200/-രൂപ |
| 5 | 519/16, നായ്ക്കെട്ടി കുടുബശ്രീ ഹാൾ കെട്ടിടം അറ്റകുറ്റപണികൾ | 25.03.2017 | 3,2100 | 6300/-രൂപ |
| 6 | 421/16, പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണം | 09.09.2015 | 2,5200 | 10400/-രൂപ |
| ആകെ | | | | 32440/-രൂപ |

ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/2017-18/ 12.09.2018) മറുപടിയായി ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത തുക പലിശ സഹിതം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റ് തുകയേക്കാൾ അധിക ചെലവ്.

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ അധിക ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0171/17-18, |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംഗൻവാടികളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 400000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 3,72,422/-രൂപ<br>[ട്രഷറി ബിൽ നം. 109/17-18, 26/03/2018 |
| എം. ബുക്ക് നമ്പർ | 02/17-18 (പേജുകൾ 01-78) |
| കൺവീനർ | ശ്രീ. ശശീന്ദ്രൻ തോട്ടമൂല |
| കരാറുടമ്പടി നമ്പർ | 70/16-17, 31/03/2017 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 3,61,647/- രൂപയും സർവ്വീസ് ടാക്സ് 37,972/- രൂപയും ലംസം പ്രോവിഷൻ 381/- രൂപയുമടക്കം 4,00,000/- രൂപയാണ് പ്രോജക്ടിന്റെ അടങ്കൽ. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താതെ പ്രവൃത്തിമൂല്യമായ 3,72,422/-രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. മിനിറ്റ്സ് ബുക്കിൽ നിന്നും പേജ് മുറിച്ചു മാറ്റിയതായും കാണുന്നു. മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്താത്ത മസ്റ്റർ റോൾ അസാധുവാണ്.

പ്രവൃത്തിയുടെ അടങ്കൽ 4,00,000/-രൂപയായതിനാൽ പ്രവൃത്തിമൂല്യമായ 3,72,422/- രൂപ അനുവദിച്ചതെന്നും ആയത് മൂലം സർക്കാരിന് നഷ്ടമുണ്ടായിട്ടില്ല എന്നും 14.09.2018 – ലെ നം. 699/18 കത്ത് പ്രകാരം ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/2017-18/ 12.09.2018) നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്തൃസമിതി എസ്റ്റിമേറ്റ് തുകയിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനാണ് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) കാണുക) അധിക പ്രവൃത്തി ചെയ്യുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് തുകയെക്കാൾ അധികമായി നൽകിയ തുക 10,775/-രൂപ (372422 - 361647) ഗുണഭോക്തൃ സമിതിയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 റോഡിന്റെ പൊളിഞ്ഞ ഭാഗത്തിന്റെ റിപ്പയർ നടപ്പാക്കിയിട്ടില്ല.

22.02.2018- ന് പ്രവൃത്തി പൂർത്തിയാക്കിയ എസ്0042/18, നാഗരംചാൽ വയൽറോഡിന്റെ ഒരു ഭാഗം പൊളിഞ്ഞതിനാൽ വിശദീകരണം ആവശ്യപ്പെട്ട് പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. അബ്ദുൾ അസീസിന് 06.06.2018 - ന് അസി. എഞ്ചിനീയർ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിനു മറുപടിയായി പ്രസ്തുത സ്ഥലത്ത് ശക്തമായ വെള്ളമൊഴുക്ക് ഉള്ളതിനാലാണ് ടാറിംഗ് പൊളിഞ്ഞു പോയതെന്നും എഗ്രിമെന്റ് കാലാവധി അവസാനിക്കാത്ത സാഹചര്യത്തിൽ മഴക്കാലം കഴിഞ്ഞ് റീടാറിംഗ് ചെയ്തു തരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. റോഡിന്റെ പൊളിഞ്ഞ ഭാഗത്തിന്റെ റിപ്പയർ കരാറുകാരനെകൊണ്ട് ചെയ്യിപ്പിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പണി നടത്തിയിട്ടില്ല എന്ന് വിലയിരുത്തുന്നു. അടിയന്തിരമായി കരാറുകാരനെക്കൊണ്ട് പണി ചെയ്യിപ്പിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-5 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

കരാറുകാരൻ ടെണ്ടറിൽ എസ്റ്റിമേറ്റ് തുകയുടെ 10.6% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ഉഭയകക്ഷി കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കണക്കാക്കിയതിലെ ന്യൂനത നിമിത്തം അധിക ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0421/15-16, എസ്.0315/17-18 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം |
| അടങ്കൽ | 6288180/-രൂപ (1257691/-ധനകാര്യ കമ്മീഷൻ ഫണ്ട്,<br>4970988/- ലോക ബാങ്ക്, 59501/-<br>വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 5443297/-രൂപ<br>[641220/-രൂപ ട്രഷറി ബിൽ നം.72/15-16/31/12/2015<br>1271885/-രൂപ ട്രഷറി ബിൽ നം.139/15-16/<br>17/03/2016 1031512/-രൂപ<br>ട്രഷറി ബിൽ നം.262/15-16/31/03/2016 1417080/-രൂപ<br>ട്രഷറി ബിൽ നം.56/16-17/31/03/2017<br>427830/-രൂപ ട്രഷറി ബിൽ നം.09/17-18/31/10/2017<br>653770/-രൂപ ട്രഷറി ബിൽ നം.29/18-19/31/05/2018 |
| എം. ബുക്ക് നമ്പർ | 01/16-17(പേജുകൾ 01-56)<br>04/16-17(പേജുകൾ 01-72)<br>05/16-17(പേജുകൾ 01-64)<br>10/16-17(പേജുകൾ 01-101)<br>16/16-17(പേജുകൾ 01-15) |
| കരാറുകാരൻ | ശ്രീ. കെ. ഹുസൈൻ |
| കരാറുടമ്പടി നമ്പർ | 30/15-16, 19/12/2015 |

മേൽ പ്രവൃത്തിക്ക് അനുവദനീയമായതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 5546658/-രൂപ |
| ടെണ്ടർ കുറവ് വരുത്തേണ്ടത് (10.6%) | 587946/-രൂപ |
| അനുവദനീയമായ തുക (5546658 - 587946) | 4958712/-രൂപ |
| അധികമായി നൽകിയ തുക (5443297 - 4958712) | 484585/-രൂപ |

പാർട്ട് ബില്ലുകൾ അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതെ നൽകുകയും ഫൈനൽ ബില്ല് അനുവദിച്ചപ്പോൾ അയത് കണക്കിലെടുക്കാതെ അവസാന പാർട്ട് ബില്ല് തുകയ്ക്ക് ആനുപാതികമായി മാത്രം ടെണ്ടർ ബിലോ കുറവ് ചെയ്യുകയും ചെയ്തതാണ് അധിക ചെലവിന് ഇടയാക്കിയത് എന്ന് കാണുന്നു.

12.09.2018 -ലെ ഓഡിറ്റ് എൻക്വയറി നം.28/2017-18 ന് 14.09.2018 ലെ നം. 699/18 നമ്പർ മറുപടി പ്രകാരം അധികമായി നൽകിയ 484585/-രൂപ തിരികെ ഈടാക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 31.12.2015 മുതൽ അധികമായി നൽകിയ തുകയ്ക്ക് 18% പലിശ ഉത്തരവാദികളായ ഉദ്ദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയിരിക്കുന്നത് 2018 -19 വർഷത്തിലായതിനാൽ ഈ റിപ്പോർട്ടിൽ സർച്ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നില്ല. തുകകൾ ഈടാക്കി അറിയിക്കേണ്ടതാണ്. തൻവർഷത്തെ ചെലവുതുകയായ 4,27,830/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 കരാറുടമ്പടി പ്രകാരം നൽകേണ്ടതിലും അധിക തുക നൽകി.

കരാറുകാരൻ ടെണ്ടറിൽ എസ്റ്റിമേറ്റ് തുകയെക്കാൾ 24.99% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ഉഭയകക്ഷി കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കണക്കാക്കിയതിലെ ന്യൂനത നിമിത്തം അധിക ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0513/15-16, എസ്.0171/16-17, എസ്.0161/17-18 |
| പ്രോജക്ടിന്റെ പേര് | തേക്കുംമ്പറ്റ നാല് സെന്റ് കോളനി റോഡ് കോൺക്രീറ്റും, അഴുക്കുചാലും |
| അടങ്കൽ | 497000/- (ധനകാര്യ കമ്മീഷൻ ഫണ്ട്) |
| ചെലവ് | 372755/-രൂപ<br>[ട്രഷറി ബിൽ നം.24 /17-18, 31/08/2017] |
| എം. ബുക്ക് നമ്പർ | 64/16-17 (പേജുകൾ 01-25) |
| കരാറുകാരൻ | ശ്രീ. മനോജ് വി.ജെ. |
| കരാറുടമ്പടി നമ്പർ | 63/16-17/31/03/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പ്രവൃത്തിക്ക് അനുവദിച്ചതും അനുവദനീയമായതുമായ തുകയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

അനുവദിച്ചത്

| | |
|---|---|
| അടങ്കൽ | 497000/-രൂപ |
| ടെണ്ടർ കുറവ് വരുത്തിയത് (24.999%) | 124245/-രൂപ |
| അനുവദിച്ച തുക (497000 - 124245) | 372755/-രൂപ |

അനുവദനീയമായ തുക

| | |
|---|---|
| പ്രവൃത്തി മൂല്യം | 471435/-രൂപ |
| ടെണ്ടർ കുറവ് വരുത്തണ്ടത് (24.9999%) | 117858/-രൂപ |
| അനുവദനീയമായ തുക (471435 - 117858) | 353577/-രൂപ |

മേൽ രേഖപ്പെടുത്തിയതുപോലെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ബിലോ കുറവ് ചെയ്യേണ്ടതിനു പകരം അടങ്കൽ തുകയിൽ നിന്നും കുറവ് ചെയ്തതിനാൽ 19178/-രൂപ (497000 - 353577) അധിക ചെലവ് വന്നിട്ടുണ്ട്. ഇതിനുപുറമേ മേൽ പ്രവൃത്തിയുടെ ടെണ്ടർ 08/12/2016 - നാണ് നടന്നിട്ടുള്ളത് (2016-17 tender regiser page 15). എന്നാൽ 31/03/2017 -നാണ് കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ നമ്പർ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിനു ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് അയക്കേണ്ടതും ആയതിന് 14 ദിവസത്തിനകം കരാറുടമ്പടി വെയ്ക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 09/2017-18/ 11.09.2018 മറുപടിയായി അധികമായി നല്കിയ 19178/-രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ അസൽ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറുന്നതിൽ ഉണ്ടായ കാലതാമസത്തിന് സകർമ്മ സോഫ്റ്റ്‌വെയറിലുണ്ടായ സാങ്കേതിക തകരാറാണെന്ന മറുപടി അംഗീകരിക്കാവുന്ന തല്ല. ഭാവിയിൽ ഇത്തരത്തിലുള്ള കാലതാമസങ്ങൾ ഒഴിവാക്കേണ്ടതാണ്. മേൽനോട്ടത്തിലെ പിഴവാണ് പ്രസ്തുത വീഴ്ചകൾക്ക് കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അനുബന്ധ പ്രകാരം സൂചിപ്പിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-7 നിർദ്ദിഷ്ട സമയത്തിനുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച - നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണ കാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണ കാലാവധിക്ക്ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ ഏൽപ്പിക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ കരാറുടമ്പടിയിൽ പൂർത്തികരണ സമയം രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. അതിനാൽ സാങ്കേതിക അനുമതി രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | കരാറുകരന്റെ പേരും കരാറുടമ്പടിയുടെ തീയതിയും, പൂർത്തികരണ കാലയളവ് | എം. ബുക്ക് നമ്പറും ആരംഭിച്ച തീയതിയും പൂർത്തികരിച്ച തീയതിയും | ചെലവ് തുകയും ബിൽ നമ്പറും |
|---|---|---|---|---|
| 1 | 80/17, കാപ്പിസ്റ്റോർ - കൊട്ടനോട് റോഡ് റീടാറിംഗ് | കെ. എം. കുരിയാക്കോസ്, 27.05.2017<br>2 മാസങ്ങൾ | 74/17-18,<br>03.01.2018,<br>08.01.2018 | 494939/-,<br>78/17-18,<br>15.06.2018 |
| 2 | 157/17, എർലോട് വയൽ റോഡ് ടാറിംഗ് മെയിന്റനൻസ് | കെ. എം. കുരിയാക്കോസ്, 27.05.2017<br>2 മാസങ്ങൾ | 73/17-18,<br>15.01.2018,<br>18.01.2018 | 398290/-,<br>79/17-18,<br>15.03.2018 |
| 3 | 99/17, തേലമ്പറ്റ - കോയാലിപുര റോഡ് റീടാറിംഗ് | ശിവരാജൻ പി. ആർ, 18.02.2017,<br>2 മാസങ്ങൾ | 89/16-17, 09.01.2018,<br>15.01.2018 | 295729/-<br>103/17-18, 26.03.2018 |
| 4 | 490/16, കാരപ്പൂതാടി കളകുന്ന് റോഡ് ടാറിംഗ് | ടി. വി. അബ്രഹാം, 08.05.2017, 2 മാസങ്ങൾ | 104/17-18,<br>15.01.2018,<br>13.03.2018 | 711254/-<br>96/17-18,<br>24.03.2018 |
| 5 | 461/16, മാറോട് കോളനി റോഡ് | ടി. വി. അബ്രഹാം, 08.05.2017,<br>2 മാസങ്ങൾ | 103/17-18,<br>22.01.2018,<br>08.03.2018 | 446300/-<br>97/17-18,<br>24.03.2018.<br>292228/- |

| | | | | |
|---|---|---|---|---|
| | | | | 98/17-18, 24.03.2018 |
| 6 | 511/16, ഊരാംകുന്ന് കോളനി റോഡ് ഫോർമേഷൻ | എം. നാരായണൻകുട്ടി, 25.03.2017, 2 മാസങ്ങൾ | 109/17-18, 03.01.2018, 30.01.2018 | 416200/- 102/17-18, 26.03.2018 |
| 7 | 389/16, മുത്തങ്ങ സ്കൂളിന് ക്ലാസ് നിർമ്മാണം | എം. നാരായണൻകുട്ടി, 04.03.2016, 31.03.2016 | 6/17-18, 03.01.2018, 30.01.2018 | 396238/- 60/17-18, 12.02.2018 |
| 8 | 413/16, തോരമംഗലം ആനപന്തി റോഡ് ഫോർമേഷൻ | ടി. വി. ജോണി, 20.01.2017, 30 ദിവസങ്ങൾ | 14/17-18, 08.05.2017, 30.05.2018 | 431748/- 100/17-18, 24.08.2018 |

മേൽ പ്രവൃത്തികളുടെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. മേൽ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനാൽ 2017 സെപ്റ്റംബർ മാസത്തിൽ അസി. എഞ്ചിനീയർ കരാറുകർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അസി. എഞ്ചിനീയറുടെ നോട്ടീസിന് ശ്രീ. ശിവരാജൻ പി. ആർ, ശ്രീ. ടി. വി. അബ്രഹാം എന്നിവർ ഒഴികെയുള്ള കരാറുകാർ മറുപടി നൽകിയിട്ടില്ല. മഴയും മെറ്റീര്യൽസിന്റെ ദുർലഭ്യതയുമാണ് യഥാസമയം പ്രവൃത്തി പൂർത്തിയാക്കത്തതിന് കാരണമായി മേൽപ്പറഞ്ഞ കരാറുകാരുടെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കാലയളവിൽ കാരാറെടുത്തിട്ടുള്ള മറ്റു കരാറുകാർ യഥാസമയം സമാന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കതക്കതല്ലെന്ന് കാണുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത വിഷയം ചർച്ച ചെയ്തതായും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഭരണസമിതി അധിക സമയം അനുവദിച്ചതായും കാണുന്നില്ല. വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതായും കാണുന്നില്ല. ക്രമ നമ്പർ 8- ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടർ 11.03.2016-നായിരുന്നു എന്നാൽ 20.01.2017 -നാണ് കരാറുഉടമ്പടി വെച്ചിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 24/2017-18/ 12.09.2018 -ന് മറുപടിയായി അറിവില്ലായ്മ മൂലമാണ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. പിഴ പോലും ഈടാക്കാതെ ഭരണസമിതിയുടെ അനുമതിയും ഇല്ലാതെ തുക നൽകിയത് ക്രമവിരുദ്ധമാണ്. അറിയില്ലായ്മ എന്ന് മറുപടി കേരള ഫിനാൻഷ്യൽ കോഡിലെ ധനവിനിയോഗ വ്യവസ്ഥകൾ പ്രകാരം ഉചിതമല്ല.

## 3-8 <u>അധികമായി നൽകിയ തുക തിരികെ ഈടാക്കിയതിൽ കാലതാമസം</u>

കരാറുകാരൻ ഇ - ടെണ്ടറിൽ ആകെ 355202.06രൂപ ക്വോട്ട് ചെയ്ത് ഉഭയകക്ഷി കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0519/15-16, എസ്.0177/16-17, എസ്.0166/17-18 |
| പ്രോജക്ടിന്റെ പേര് | നായ്ക്കെട്ടി കുടുംബശ്രീ ഹാൾ അറ്റകുറ്റ പണികൾ |
| അടങ്കൽ | 500000/-(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 452469/-രൂപ[ട്രഷറി ബിൽ നം.12 /17-18, 14/08/2017] |
| എം. ബുക്ക് നമ്പർ | 11/15-16 (പേജുകൾ 01-23) |
| കരാറുകാരൻ | ശ്രീ. പി.ആർ. ശിവരാജൻ |
| കരാറുടമ്പടി നമ്പർ | 42/16-17, 27/03/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പ്രവൃത്തിയുടെ ഇ-ടെണ്ടറിൽ കരാറുകാരൻ ആകെ 355202.06രൂപയാണ് (ഐറ്റം വൈസ്) ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് നിരക്കിൽ മൂല്യം കണക്കാക്കി 4,52,469/- രൂപ അനുവദിച്ചു. കരാറുകാരൻ ടെണ്ടറിൽ ക്വോട്ട് ചെയ്ത ആകെ തുകയായ 355202.06രൂപയാണ് അദ്ദേഹത്തിന് അനുവദനീയമായ പരമാവധി തുക. ആയതിനാൽ 97,267/-രൂപയുടെ അധികം നൽകുകയുണ്ടായി. അധികമായി നൽകിയ തുക ഒരു വർഷത്തിന് ശേഷം 12/09/2018 നാണ് (ഓഡിറ്റ് നടക്കുമ്പോൾ) കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കിയിട്ടുള്ളത് (ചെലാൻ നമ്പർ - KL-005864201201819/12.09.2018).

അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/2017-18/ 12.09.2018 -ന് മറുപടിയായി മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ക്ലാർക്ക് ലീവിൽ പ്രവേശിച്ചതിനാൽ പിഴവ് മനസ്സിലാക്കാൻ കാലതാമസം വന്നത് എന്നാണ് 14.09.2018 - ലെ നം. 688/18 കത്ത് പ്രകാരം അറിയിച്ചിട്ടുള്ളത്. മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കേണ്ടതിന്റെ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരികരിച്ചും അധികമായി നൽകിയ 97,267/-രൂപയുടെ തുക പിൻവലിച്ച തീയതി മുതൽ തിരികെ അടവാക്കിയ തീയതിവരെ 18% പലിശ ഈടാക്കിയും അറിയിക്കേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4) വർക്ക് ഫയലുകളിൽ നോട്ട് ഫയൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവത്തിയുടെ പേയ്മെന്റ് സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പല ഫയലിലും രേഖപ്പെടുത്തിയിട്ടുള്ളൂ.

5)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ഫയലിൽ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസിലും വർക്ക് ഓർഡറിലും സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

6) ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥന്റെ ഒപ്പില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

7) പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും കരാറുകാർ ഒപ്പ് വച്ചിട്ടില്ല.

8) പല പ്രവൃത്തികളുടെയും അളവ് പുസ്തകത്തിലും വർക്ക് ബില്ലിലും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

9) അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

10) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹവും സംബന്ധിച്ച് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തി കാണുന്നില്ല.

11)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 150 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 68 പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് വൻ തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

രേഖകൾ കൃത്യമായി സൂക്ഷിക്കാത്തത് പദ്ധതി രൂപികരണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വർഷം നടപ്പിലാക്കാൻ കഴിയുന്നതിലും അധികമായി പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് ഫണ്ട് ലാപ്സാകുന്നതിന് ഇടവരുത്തുന്നുണ്ട്. എന്നതു മാത്രമല്ല എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിലുള്ള വീഴ്ചയ്ക്കും ഇടയാക്കാം. പഞ്ചായത്തിൽ നിലവിലുള്ള സാങ്കേതിക ഉദ്യോഗസ്ഥർക്ക് ശരിയായ രീതിയിൽ മേൽനോട്ടം വഹിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന വിധം പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തിയില്ലെങ്കിൽ പ്രവൃത്തികളുടെ ഗുണമേൻമ നഷ്ടപ്പെടുന്നതിനും ഗ്രാമപഞ്ചായത്തിന് ധനനഷ്ടത്തിനും ഇടയാക്കും. വാർഡുതലത്തിൽ ഫണ്ട് വിഭജനം ഒഴിവാക്കി മുഴുവൻ പ്രവൃത്തികളും ചെയ്യത്തക്കവിധം വലിയ പ്രോജക്ടുകൾ നടപ്പിലാക്കുക വഴി മേൽപറഞ്ഞ പോരായ്മ പരിഹരിക്കാവുന്നതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നത് കരാർ അടിസ്ഥാനത്തിലുള്ള അസി. എഞ്ചിനീയറാണ്. മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കുന്നതിൽ തെറ്റുകൾ വരുന്നതിനാൽ പല പ്രവൃത്തികളുടെയുടെയും തുക നൽകലിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട് (പൊതുമരാമത്ത് പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ച ഈ റിപ്പോർട്ടിലെ മറ്റ് ഖണ്ഡികകൾ കാണുക). ആയത് പോലെ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും ഉത്തരവാദിത്തപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-10 മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് തുക മുൻകൂർ നൽകി - വിനിയോഗസാക്ഷ്യപത്രവും ഭൗതികനേട്ടറിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും തുക നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| ക്രമ നം. | പ്രോജക്റ്റ് നം. ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. 355/17-18<br>കല്ലുമുക്ക് GLP സ്കൂളിൽ കുഴൽ കിണർ- കുടി വെള്ള വിതരണം<br>അടങ്കൽ 200000 രൂപ (വികസന ഫണ്ട്)<br>ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വയനാട് ചെലവ് 37650/- | 56100/- (ഇതിൽ 37650 രൂപ<br>ചെലവ് കഴിച്ച് ബാക്കി തുക 18450 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു) രസീറ്റ് നം.118030500007 /26.6.18 | 115/17-18 28.03.2018 |
| 2 | പ്രോജക്റ്റ് നം. 354/17-18<br>കുളത്തൂർകുന്ന് കുഴൽ കിണർ- കുടി വെള്ള വിതരണം<br>അടങ്കൽ 150000/- രൂപ (വികസന ഫണ്ട്)<br>ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വയനാട് ചെലവ് 73,110/- | 84600/- (ഇതിൽ 73110 രൂപ<br>ചെലവ് കഴിച്ച് ബാക്കി തുക<br>11490/- രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു) രസീറ്റ് നം.<br>118030500007 /26.6.18 | 114/17-18 28.03.2018 |
| 3 | പ്രോജക്റ്റ് നം. 356/17-18<br>മുത്തങ്ങ GLP സ്കൂളിൽ കുഴൽ കിണർ- കുടി വെള്ള വിതരണം<br>അടങ്കൽ 150000 രൂപ (വികസന ഫണ്ട്)<br>ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വയനാട് ചെലവ് 40,256/- | 40256/- | 116/17-18 28.03.2018 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-18)ലഭ്യമാക്കിയ മറുപടി റിപ്പോർട്ട് ഹാജരാക്കാമെന്നാണ്. 1,51,016/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 സർവ്വ ശിക്ഷാ അഭിയാൻ വിശദമായ വിനിയോഗ സാക്ഷ്യപത്രവും

ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും തുക നൽകിയ താഴെ പറയുന്ന തുക സർവ്വശിക്ഷാ അഭിയാന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| ക്രമ നം. | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|
| 1 | 5/2017-18 14.8.2017<br>പ്രോജക്ട് നം. 10/2018 | 250000 |
| 2 | 5/2017-18 31.3.2018<br>പ്രോജക്ട് നം. 367/2018 | 750000 |
| 3 | 71/2017-18 25.2.2018<br>പ്രോജക്ട് നം. 352/2018 | 4631499 |
| | ആകെ | 5631499 |

സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടർ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 56,31,499/- രൂപ ചെലവഴിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ പദ്ധതികൾക്കായി തുക ചെലവഴിച്ചു എന്ന വിശദാംശം ഹാജരാക്കിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. 17/17-18 തീയതി 12.09.18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് റിപ്പോർട്ട് ഹാജരാക്കാമെന്നറിയിച്ചു. 56,31,499/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 നിർവഹണ ഏജൻസി പഞ്ചായത്തിൽ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ചുവടെ പറയുന്ന പ്രോജക്ടുകൾക്ക് തുക നൽകി. ചെലവഴിചക്കാത്ത തുക ഏജൻസി പഞ്ചായത്തിൽ തിരിച്ചടച്ചെങ്കിലും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം<br>ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം. 355/17-18കല്ലുമൂക്ക് GLP സ്കൂളിൽ കുഴൽ കിണർ- കുടി വെള്ള വിതരണം<br>അടങ്കൽ 2,00,000/ രൂപ (വികസന ഫണ്ട്)<br>ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വയനാട് | 56100/- (ഇതിൽ 37650/- രൂപ ചെലവ് കഴിച്ച് ബാക്കി തുക 18,450/- രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു)<br>രസീറ്റ് നം. 118030500007/26.6.18 | 115/17-18 28.03.2018) |
| 2 | Project no 354/17-18 | 84600/- (ഇതിൽ 73110/- രൂപ | 114/17-18 28.03.2018 |

| | | | |
|---|---|---|---|
| | കുളത്തൂർകുന്ന് കുഴൽ കിണർ-കുടി വെള്ള വിതരണം<br>അടങ്കൽ 150000/-രൂപ(വികസന ഫണ്ട്)<br>ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വയനാട് | ചെലവ് കഴിച്ച് ബാക്കി തുക<br>11490 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു) രസീറ്റ് നം.<br>118030500007/26.6.18 | |

വയനാട് ഭൂജല വകുപ്പ് ജില്ലാ ഓഫീസർ, പഞ്ചായത്തിൽ തിരിച്ചടച്ച തുക (29940/-രൂപ) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. തുക ഉടൻ അടച്ച് വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ 29.09.18 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/17-18) മറുപടിയായി തുക ഉടൻ തിരിച്ചടയ്ക്കാമെന്നറിയിച്ചിട്ടുണ്ട്.

## 3-13 സാഫല്യം ഭവന പദ്ധതി

സർക്കാർ ഉത്തരവ് (GO ms/83/13 lsgd dtd 11.3.13)
ലോൺ തുക -2 കോടി(ജില്ലാ സഹകരണ ബാങ്ക്, ബത്തേരി ഈവനിംഗ് account no 130046035720001) .
തിരിച്ചടവ് കാലയളവ് 10 വർഷം
നാളിതു വരെ അനുവദിച്ച തുക 1,90,00,000/- രൂപ.
നാളിതു വരെ അടച്ച മുതൽ തുക 1,52,09,707/- രൂപ
നാളിതു വരെ അടച്ച പലിശ തുക 48,70,707/- രൂപ
നാളിതു വരെ അടച്ച പിഴ പലിശ തുക 15,373/-രൂപ
എടുത്ത ലോണിന്റെ 75 ശതമാനം തുകയും 4 വർഷത്തിനുള്ളിൽ അടച്ചു കഴിഞ്ഞു. നാളിതുവരെ പിഴപ്പലിശയിനത്തിൽ 15,373/- തുക രൂപ അടച്ചു. പ്രസ്തുത തുകയിൽ 2017-18 വർഷം 11,515/-രൂപ ഒടുക്കിയിരുന്നു. പിഴപ്പലിശറലനത്തിൽ ഒടുക്കിയ 11,515/- രൂപ ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 30/17-18/12.09.18 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദമായ റിപ്പോർട്ട് ഹാജരാക്കാമെന്നറിയിച്ചു.

## 3-14 കുടുംബശ്രീ യൂണിട്ടുകൾക്ക് കോഴിവളർത്തൽ - പദ്ധതി നടത്തിപ്പിലെ - അപാകതകൾ

| ക്രമ നം. | പ്രോജക്ട് നം. പേര് | കോഴിക്കുഞ്ഞുകളെ വിതരണം ചെയ്ത സ്ഥാപനം | ബിൽ നം./ തീയതി ചെലവ് തുക |
|---|---|---|---|
| 1 | പ്രോജക്ട് നം. 2/18<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>കുടുംബശ്രീ യൂണിറ്റുകൾക്ക് കോഴി വളർത്തൽ (ജനറൽ)<br>അടങ്കൽ 12,50,000/-രൂപ<br>(വികസന ഫണ്ട് 6,25,000/-,<br>ഗുണഭോക്തൃവിഹിതം 6,25,000/-)<br>ഒരു കോഴിക്കുഞ്ഞിന്റെ വില 100/- രൂപ<br>(ഒരു കോഴിക്കുഞ്ഞിന് 50/- രൂപ ഗുണഭോക്തൃവിഹിതം) | മടയിക്കൽ പൗൾട്രി ഫാം<br>(2,52,232 രൂപ)<br>S &Tപൗൾട്രിഫാം<br>(72,884/- രൂപ) | 8/17-18<br>28.03.2018<br>3,25,116 രൂപ |

| | | | |
|---|---|---|---|
| | | | |
| 2 | പ്രോജക്ട് നം. 2/18<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>കുടുംബശ്രീ യൂണിറ്റുകൾക്ക്<br>കോഴി വളർത്തൽ (ടി എസ് പി)<br>അടങ്കൽ 8,00,000/-രൂപ (വികസന ഫണ്ട് 6,00,000, ഗുണഭോക്തൃവിഹിതം 2,00,000/-) (ഒരു കോഴിക്കുഞ്ഞിന് 50/- രൂപ ഗുണഭോക്തൃവിഹിതം) | നാഗത്തിങ്കൽ പൗൾട്രി ഫാം<br>(1,86,936 രൂപ)<br>S & Tപൗൾട്രി ഫാം<br>(26119രൂപ) | 9/17-18<br>28.03.2018<br>2,13,055 രൂപ |
| | ആകെ | 5,38,171/- രൂപ | 5,38,171/-രൂപ |

()

ആകെ 9345 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. (വില 9,34,500/- രൂപ) ഈ തുകയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ജനറൽ വിഭാഗത്തിൽ (6570 കോഴികുഞ്ഞുങ്ങൾ X 50 രൂപ= 3,28,500/-രൂപ, ടി എസ് പി വിഭാഗത്തിൽ 2855കോഴികുഞ്ഞുങ്ങൾ X 25 രൂപ= 71375/-രൂപ) എന്നിങ്ങനെ തുക വെറ്റിറനറി സർജൻ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച 3,99,875/- രൂപ പഞ്ചായത്തിൽ നിന്നും വെറ്റിറനറി സർജൻ ആവശ്യപ്പെട്ടുവെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് പഞ്ചായത്ത് 3,99,875/- രൂപ വെറ്റിറനറി സർജന് നൽകിയില്ല. 399875/- രൂപ കോഴികുഞ്ഞുകളെ വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/17-18/12.09.18) 2018-19 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകാമെന്നറിയിച്ചു.

## 3-15 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എഴുതിപൂർത്തീകരിച്ചിട്ടില്ല. ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് വേണ്ടി ഏതാനും പ്രോജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്. എങ്കിലും തൻവർഷം നടപ്പാക്കിയ ജാഗ്രതാസമിതി എന്ന പ്രോജക്ടിൽ സ്ത്രീകളുടെ മാനസികപിരിമുറുക്കം കുറയ്ക്കുന്നതിനും തൊഴിലിടങ്ങളിലും, വീടുകളിലും സ്ത്രീകൾ നേരിടുന്ന മറ്റുപല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് സാധിച്ചു.

സാമൂഹ്യക്ഷേമം

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എഴുതിപൂർത്തീകരിച്ചിട്ടില്ല. ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അങ്കണവാടി പോഷകാഹാര വിതരണ പദ്ധതികൾ ആണ് ഈ മേഖലയിൽ നടപ്പാക്കിയ പ്രധാനപദ്ധതികൾ. അങ്കണവാടികളിൽ പലതിനും സ്വന്തം ഭൂമിയോ,കെട്ടിടമോ ഇല്ല എങ്കിലും രണ്ട് കെട്ടിടങ്ങൾ അപകടാവസ്ഥയിൽ ആയിട്ടുപോലും അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രോജക്ട് പോലും രൂപീകരിക്കുകയോ, നടപ്പാക്കുകയോ ചെയ്തിട്ടില്ല. നിർവഹണത്തിന് ലഭിച്ച പ്രോജക്ടുകൾ നന്നായി നടപ്പാക്കുന്നതിന് നിർവഹണോദ്യോഗസ്ഥ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ദാരിദ്ര്യ നിർമാർജ്ജനം

അഗതി- ആശ്രയപദ്ധതി പദ്ധതി നടപ്പാക്കുന്നതിലും അഗതികൾക്ക് ഭക്ഷണം, വസ്ത്രം,മരുന്ന് എന്നിവ നൽകുന്നതിന് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നുണ്ട്. നിലവിൽ രണ്ടാംഘട്ടം ജനറൽ അഗതി- ആശ്രയപദ്ധതിയും പട്ടിക വർഗ്ഗ അഗതി-ആശ്രയപദ്ധതിയും നന്നായി നടത്തുന്നുണ്ട്. എന്നാൽ വിലയിരുത്തൽസമിതി എല്ലാ മാസവും യോഗം ചേരുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല.

തൻവർഷം വികസനഫണ്ടിൽ നിന്നും നൽകിയ 50,000/- രൂപ ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസനം

പട്ടികജാതി/പട്ടികവർഗ്ഗവികസന വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന മിനുട്സുകൾ യഥാവിധി എഴുതി പൂർത്തീകരിച്ചിട്ടില്ല. ഈ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികൾ ജനസംഖ്യയിൽ 40% ൽ അധികം വരുന്ന പട്ടികവർഗ്ഗക്കാർക്ക് പര്യാപ്തമല്ല. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള യാതൊരു പദ്ധതികളും ഏറ്റെടുത്തിട്ടില്ല.

അസി. സെക്രട്ടറി നിർവഹണം നടത്തിയ പട്ടികവർഗ്ഗ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി മാതൃകാപരമായ ഒരു പദ്ധതിയാണ്. ഊരുത്സവം എന്ന പദ്ധതിയുടെ ഭാഗമായി കോളനി സന്ദർശനം നടത്തിയപ്പോൾ, തിരുവണ്ണൂർ പണിയ കോളനിയിലെ രോഗിയായ ഒരു വൃദ്ധൻ ഇഷ്ടികകൾ അടുക്കി അത് കട്ടിൽ ആയി ഉപയോഗിക്കുന്നത് കണ്ടതിൽനിന്നാണ് ഇത്തരം ഒരു പ്രോജക്ട് നടപ്പാക്കണം എന്ന് ആശയം തോന്നിയത് എന്നും ഊരുകൂട്ടത്തിൽ ഈ നിർദ്ദേശം അവതരിപ്പിച്ചത് എന്നും അഭിപ്രായപ്പെട്ടു. യഥാർത്ഥ അർഹർക്ക് തന്നെ പദ്ധതിയുടെ ഗുണം ലഭ്യമാക്കുന്നതിനും നിർവഹണോദ്യോഗസ്ഥ ശ്രദ്ധചെലുത്തിയിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്. (പ്രോജക്ട് നമ്പർ-104/18,പ്രോജക്ട് – വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം, ചെലവഴിച്ച തുക-549220/- 141 കട്ടിലുകൾ വിതരണം ചെയ്തു).

പദ്ധതികൾ തയ്യാറാക്കും മുമ്പ് ലക്ഷ്യം നിറവേറപ്പെടാനുള്ള സാധ്യത പഠനം നടത്തേണ്ടതാണ്.

## 3-16 അഗതി-ആശ്രയ പദ്ധതി-നൽകിയ തുക ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം അഗതി – ആശ്രയ പദ്ധതി നടത്തിപ്പിന് വേണ്ടി 50,000/- രൂപ സി.ഡി.എസ്.ചെയർപേഴ്സണ് നൽകി. നാളിതുവരെ തുക ചെലവഴിച്ചില്ല.

പ്രോജക്ട് നമ്പർ-271/18

പ്രോജക്ട് -അഗതി-ആശ്രയ പദ്ധതി

ചെലവഴിച്ച തുക-50,000/-

നിർവഹണം - അസി.സെക്രട്ടറി

ട്രഷറി ബിൽ /തീയതി-6/21.8.17

ഓഡിറ്റ് എൻക്വയറി നമ്പർ 5.തീയതി 11.9..18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് തുക ചെലവഴിക്കാനാ യിട്ടില്ലെന്നും ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും താമസംകൂടാതെ ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 21.8.17 ന് പിൻവലിച്ച തുക നാളിതുവരെയും

ചെലവഴിക്കാത്ത നടപടിയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-17 സമഗ്ര കോളനി വികസനപദ്ധതി -തുക ലഭിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല

പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന സമഗ്ര കോളനി വികസന പദ്ധതിയിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ 5 കോളനികളെ തെരഞ്ഞെടുക്കുകയും 2014-15 വർഷം തന്നെ പദ്ധതിനടത്തിപ്പിനായി 16,90,000/- രൂപ പഞ്ചായത്തിന് അനുവദിക്കുകയും ചെയ്തു. ലഭിച്ച തുക വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ 12,90,000/- രൂപ (വൗച്ചർ നമ്പർ-21701007/20.3.18)താത്കാലികമായി ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ 23.2.18ലെ D.W.(1)209/16 കത്ത് പ്രകാരം തിരികെ വാങ്ങിയിരുന്നു. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർക്ക് തുക നൽകിയ സാഹചര്യത്തിൽ ഒരു മാസത്തിനകം തുക തിരികെ ലഭ്യമാക്കണമെന്ന് സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെങ്കിലും തിരികെ നൽകിയിട്ടില്ല. 2014-15 വർഷത്തിൽ ലഭിച്ച തുക നാളിതുവരെയും വിനിയോഗിക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 15/11 /9/2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടവാക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾക്ക് വൈദ്യുതിചാർജ്ജ് ഇനത്തിൽ പ്രതിമാസം 23,863/- രൂപയാണ് 04/2017മുതൽ അടവാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ എത്ര വിളക്കുകൾ ഉണ്ടെന്നോ, അവ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്നോ, എത്ര മണിക്കൂർ പ്രവർത്തിക്കുന്നുവെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തെരുവുവിളക്കുകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ ചാർജ്ജ്, ഇനം, എണ്ണം, സ്ഥിതിചെയ്യുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 13 തീയതി 11/9/2018പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. സംയുക്തപരിശോധന നടത്തി വൈദ്യുതചാർജ്ജ് അടയ്ക്കുന്നത് ക്രമീകരിക്കേണ്ടതാണ്.

## 3-19 തെരുവുടാപ്പുകൾക്ക് വെള്ളക്കരംഅടവാക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവുടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ പ്രതിമാസം 75,250/- രൂപയാണ് 04/2017മുതൽ അടവാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ എത്ര ടാപ്പുകൾ ഉണ്ടെന്നോ, അവ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്നോ, എത്ര മണിക്കൂർ പ്രവർത്തിക്കുന്നുവെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തെരുവുടാപ്പുകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വൗച്ചർ നമ്പർ 51700395/7.8.17 പ്രകാരം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന് 1,275/- രൂപ വാഹന വാടക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 8/11 /9/2018) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്തപരിശോധന നടത്തി വാട്ടർചാർജ്ജ് അടയ്ക്കുന്നത് ക്രമീകരിക്കേണ്ടതാണ്.

## 3-20 പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം -നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ തൻവർഷം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന് വേണ്ടി ഓരോ വാർഡിലേക്കും 15,000/- രൂപ വീതം 2,55,000/- രൂപ P.H.C മെഡിക്കൽ ഓഫീസർക്ക് നൽകി.

വൗച്ചർ നമ്പർ – 21701019/28.3.18-142154

വൗച്ചർ നമ്പർ – 21701020/28.3.18-112846

മെഡിക്കൽ ഓഫീസർ തുക വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും പല വാർഡുകളിലും തുക ചെലവഴിച്ചിട്ടില്ല. ചെലവഴിച്ച തുകയുടെ ചെലവുരേഖകൾ സൂക്ഷിച്ചിട്ടുമില്ല. ഓഡിറ്റ് എൻക്വയറി നം.7/11.9.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലഴിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-21 സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തത്.

1)പ്രോജക്ട് നം 11/18 – പൊതുശ്മശാനത്തിന് സ്ഥലം ഏറ്റെടുക്കൽ

അടങ്കൽ - 20 ലക്ഷം രൂപ (വികസനഫണ്ട്)

അംഗീകരിച്ച ടെണ്ടർ പ്രകാരം സ്ഥലം വിൽക്കാൻ സമ്മതപത്രം നൽകിയ ആൾ - ഉമ്മർ,ചക്കാലക്കൽ,നായ്ക്കട്ടി (കുപ്പാടി വില്ലേജ്, block no 17, resurvey no 518/5)

നിരക്ക് --സെന്റിന് 35,000/- രൂപ

ആവശ്യപ്പെട്ട സ്ഥലം ---98 സെന്റ്

നിലവിലെ അവസ്ഥ -- മേൽ സ്ഥലം സംബന്ധിച്ച് വാല്വേഷൻ അടിയന്തിരമായി നൽകണമെന്നാവശ്യപ്പെട്ട് A3/5374/18 dtd.5.2.18 പ്രകാരം ജില്ലാ കളക്ടർക്ക് കത്ത് നല്കി. ജില്ലാ കളക്ടർ വാല്വേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ തടസ്സപ്പെട്ട പദ്ധതി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

2.പ്രോജക്ട് നം 422/15-16 – ട്രൈബൽ ഹോസ്റ്റൽ വടക്കനാട് സ്ഥലം ഏറ്റെടുക്കൽ

അംഗീകരിച്ച ടെണ്ടർ പ്രകാരം സ്ഥലം വിൽക്കാൻ സമ്മത പത്രം നൽകിയ ആൾ – ടി വി ബാലകൃഷ്ണൻ, തടത്തിക്കുന്നേൽ, വടക്കനാട്

നിരക്ക് – സെന്റിന് 24,383/- രൂപ

ആവശ്യപ്പെട്ടത് – 50 സെന്റ്

എന്നാൽ സ്ഥലം ഉടമയുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട കരാർ (തീയതി 31.3.2018),പഞ്ചായത്ത് ഭരണസമിതി തീരുമാനം (1/5 dtd. 28.3.18) എന്നിവ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകാൻ സാധിക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 3-22 ഇ-ഹെൽത്ത് – രജിസ്ട്രേഷൻ പൂർത്തിയായില്ല

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വാർഷിക പദ്ധതി 55/17പ്രകാരം ഇ-ഹെൽത്ത് പദ്ധതിയ്ക്കായി 2,00,000/-രൂപ 23/05/2017 ലെ 30/17നമ്പർ തീരുമാനം വകയിരുത്തി ചെലവാക്കാൻ തീരുമാനിച്ചിരുന്നു. പ്രോജക്ട് നമ്പർ 56/18 പ്രകാരം 1,96,786/-രൂപ കൈപ്പറ്റി ഇ-ഹെൽത്ത് നെറ്റ് വർക്ക് പദ്ധതിയ്ക്കായി 31.07.2017ന് ചെലവഴിച്ചു. ടി പ്രോജക്ടിന് ഡി.പി.സി അംഗീകാരം നൽകിയ ഉത്തരവ് പ്രോജക്ട് ഫയലിൽ ലഭ്യമല്ല. നൂറ് ശതമാനം പൗരന്മാരും രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരവും പദ്ധതി ചെലവുകൾ പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന രീതിയിൽ ഇ-ഹെൽത്ത് പദ്ധതി വിജയകരമാക്കാൻ ശ്രമിക്കുന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു.

## 3-23 നൂൽപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം

1. ഹെൽത്ത് സംവിധാനം

സംസ്ഥാനത്തുതന്നെ ആദ്യമായിട്ടാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് സംവിധാന ഏർപ്പെടുത്തുന്നത്.

ആശുപത്രിയിൽ എത്തുന്ന എല്ലാ രോഗികളുടെയും വിവരങ്ങൾ കുടുംബത്തിലുള്ളവരുടെ വിവരങ്ങളും ലഘു ചരിത്രവും രോഗ വിവരങ്ങളും ഡിജിറ്റൽ സെർവർ സെർവ്വർ സംവിധാനത്തിലൂടെ ശേഖരിച്ച് കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നു. ഇത്തരത്തിൽ സൂക്ഷിക്കുന്ന കേരളത്തിലെ ആദ്യത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടിയാണിത്. എല്ലാവർക്കും പ്രത്യേകം തിരിച്ചറിയൽ നമ്പറും നൽകുന്നു. രോഗി വീണ്ടും ചികിത്സയ്ക്ക് എത്തുമ്പോൾ ആ നമ്പർ നൽകുകയേ വേണ്ടൂ. രോഗിയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഡോക്ടർക്ക് ലഭിക്കുന്നു. ഇ-ഹെൽത്ത് സംവിധാനമുള്ള ഏത് ആശുത്രിയിലും ചികിത്സയ്ക്ക് പോകുമ്പോൾ ഈ നമ്പർ പറഞ്ഞാൽ മാത്രം മതയാകും. നമ്പറിനു പുറമേ സ്വൈപ്പ് ചെയ്യാവുന്ന കാർഡും വിരൽ പതിപ്പിക്കുന്ന സംവിധാനവും നടപ്പാക്കുന്നുണ്ട്. ബാർകോഡ് സെർച്ച് ചെയ്താൽ മുഴുവൻ വിവരങ്ങളും ലഭിക്കുന്ന വിധത്തിലാണ് ഈ സംവിധാനം.

2. ടെലി മെഡിസിൻ

ഈ സ്ഥാപനത്തിൽ നിന്നും വിദഗ്ദ ചികിത്സയ്ക്കായി രോഗികളെ മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്കോ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കോ അയയ്ക്കേണ്ട അവസ്ഥയാണുള്ളത്. മാനന്തവാടിയിലേയ്ക്ക് ഒന്നര മണിക്കൂർ യാത്രയും കോഴിക്കോടിന് 4 മണിക്കൂർ യാത്രയുമുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രിയിലെ വിദഗ്ദ ഡോക്ടർമാരുടെ സേവനം ഇന്ന് ടെലി മെഡിസിനിലൂടെ ഈ സ്ഥാപനത്തിൽ ലഭ്യമാണ്. ആദിവാസികൾ ഉൾപ്പെടെയുള്ള രോഗികൾക്ക് ഈ സേവനം വളരെ ഉപകാരപ്രദമാണ്. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആദ്യമായി ടെലിമെഡിസിൻ സ്ഥാപിച്ചത് ഈ സ്ഥാപനത്തിലാണ്.

ഇ-ഹെൽത്ത്, ടെലിമെഡിസിൻ എന്നിവ കെൽട്രോൺ മുഖാന്തിരം നടപ്പാക്കാൻ പതിനഞ്ചു ലക്ഷം രൂപയാണ് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

3. അത്യാധുനിക ലബോറട്ടറി സർവ്വീസ്

Heamatology analyses (5 lakhs)

Flouroscete mocroscope (3 lakhs), Urine analyseer (₹50000) HBAIC analyser (₹ 100000), lab module furniture (₹300000), തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ സ്ഥാപനത്തിലെ ലാബ് പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുള്ളത്. നിലവിൽ എല്ലാ ബ്ലഡ് ടെസ്റ്റുകളും ഈ ലാബിൽ ചെയ്തുവരുന്നുണ്ട്.

4. നവീകരിച്ച മെഡിക്കൽ വാർഡ്

പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ആറു ലക്ഷം രൂപ ചെലവഴിച്ചാണ് ഈ സ്ഥാപനത്തിലെ മെഡിക്കൽ വാർഡ് നവീകരിച്ചിട്ടുള്ളത്. അത്യാധുനിക കട്ടിലുകൾ, ബെഡ് സൈഡ് ലോക്കർ, കാർഡിയാക് ടേബിൾ, കർട്ടൺ വർക്ക് തുടങ്ങിയ പ്രവൃത്തികളാണ് വാർഡിൽ ചെയ്തിട്ടുള്ളത്.

5. ഫാർമസി നവീകരണം

ശീതീകരിച്ച ഫാർമസിയാണ് ഈ ആരോഗ്യ കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നത്. റബ്കോ ഉപയോഗിണ്ണ് ഫാർമസിയിൽ കൗണ്ടറുകളും മെഡിസിൻ റാക്കുകളും നിർമ്മിച്ചിട്ടുണ്ട്. ₹300000/- രൂപയാണ് ഇതിനായി ഫണ്ട് വകയിരുത്തിയത്.

6. ഷീ ടോയ്‌ലറ്റ്

സാനിറ്ററി നാപ്കിനുകൾ നിക്ഷേപിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യമുള്ള ഷീ-ടോയ്‌ലറ്റ് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തില ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

7. കുട്ടികളുടെ പാർക്ക്

ഏകദേശം നല് ലക്ഷത്തോളം രൂപ ചെലവഴിച്ച് കുട്ടികൾക്ക് കളിക്കുന്നതിനായി ചിൽഡ്രൺസ് പാർക്ക് ഒരുക്കിയിരിക്കുന്നു. കുട്ടികളുടെ ഉല്ലാസത്തിനായി വിവിധ തരം റൈഡുകൾ ഇവിടെയുണ്ട്.

8. എൽ.ഇ.ഡി. ബോധവത്കരണ പ്രദർശനം

ആശുപത്രിയിൽ എത്തുന്ന നഎല്ലാവക്കുമായി മുഴവൻ സമയവും വിവിധ ആരോഗ്യ വിഷയങ്ങളിലുള്ള ക്ലാസ്സുകളും ബോധവത്കരണവും എൽ.ഇ.ഡി. പ്രദർശനത്തിലൂടെ നൽകുന്നു.

9. വാർഡ്

10 കിടക്കകളേ ഉള്ളൂവെങ്കിലും ശീതീകരണ സംവിധാനത്തോടെ കർട്ടൺ ഇട്ടു വേർതിരിച്ചിരിക്കുന്നു. കൂടാതെ വൃത്തിയും വെടിപ്പുമുള്ള ശുചിമുറികളുമുണ്ട്.

രാജ്യത്തെ തന്നെ ഏറ്റവും മികച്ച സംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൊന്നായി ഈ സ്ഥാപനം മാറിയിയരിക്കുന്നു.
ഇന്ത്യയിൽ ഗുണനിലവാരമുള്ള ആശുപത്രികളെ കണ്ടെത്താൻ നടത്തുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷനിൽ ഏറ്റവും കൂടുതൽ മാർക്കു നേടി (98%) യാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ ഈ ആതുരാലയം രാജ്യത്ത് ഒന്നാമതെത്തിയത്. ജില്ലാ/സംസ്ഥാന വിലയിരുത്തലുകൾക്ക് ശേഷം കേന്ദ്ര സംഘമെത്തി നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ചതിനു ശേഷമാണ് അന്തിമഫലം വന്നത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | നെൽകൃഷി കൂലിചെലവ് സബസിഡി(ടി.എസ്.പി) | 1000000 | ഇല്ല |
| | | 2000000 | നെല്ല് കൃഷി കൂലിചെലവ് സബസിഡി(ജനറൽ) | 2000000 | ഇല്ല |
| | | 1000000 | പാലിന്സബസിഡി (ജനറൽ) | 1000000 | ഇല്ല |
| | | 250000 | പാലിന് സബസിഡി (ടി.എസ്.പി) | 250000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | നെൽകൃഷി കൂലിചെലവ് സബസിഡി(ടി.എസ്.പി) | 1000000 | ഇല്ല |
| | | 2000000 | നെൽകൃഷി കൂലിചെലവ് സബസിഡി(ജനറൽ) | 2000000 | ഇല്ല |
| | | 368000 | പാലിന്സബസിഡി (ജനറൽ) | 368000 | ഇല്ല |
| കേന്ദ്രവിഹിതം | 2017-18 | 800000 | അംഗൻവാടി പോഷകാഹാരം | 800000 | ഇല്ല |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുളത്തുർക്കുന്ന് കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ള വിതരണം | 17180352016001358439 | 150000 | 84600 | 65400 |
| കേരള വാട്ടർ അതോറിറ്റി | കുളത്തുർക്കുന്ന് കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ള | 17180352016001358430 | 200000 | 56100 | 143900 |

| | | | | | |
|---|---|---|---|---|---|
| | വിതരണം | | | | |
| കേരള വാട്ടർ അതോറിറ്റി | കുളത്തുർക്കുന്ന് കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ള വിതരണം | 17180352016001358403 | 150000 | 40250 | 109750 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് പരിപാലനം സ്ഥാപിക്കൽ (സ്ട്രീററ് മെയിൻ സ്ഥാപിക്കൽ) | 17180352016001263752 | 800950 | 800950 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സാഫല്യം ഭവന പദ്ധതിയ്ക്ക് എടുത്ത ലോൺ തിരിച്ചടവ് | | 20000000 | 3396852 | 5600000 | 100000 | 8968723 |

മേൽ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വായ്പയും തിരിച്ചടവും നീക്കിബാക്കിയും പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ലോൺ രജിസ്റ്റർ കാലികമാക്കി സമർപ്പിക്കേണ്ടതുമാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |

| | |
|---|---|
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,00,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 LFAC (2014-16)44th റിപ്പോർട്ട് | 3-5,2.3 | 1,00,000/- | ശ്രീ. ബിനീഷ് പി.ജി. പ്രവൃത്തി കൺവീനർ | 117030103507/31 /01/2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.4 | 2016-17 | 2.4 | തൊഴിൽനികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,16,84,158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,47,79,690 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10,775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 62,10,345 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 10,775/- | ശ്രീ.സലോഷ്.കെ.തോമസ്, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 4,27,830 | ശ്രീ.സലോഷ്.കെ.തോമസ്, അസി. എഞ്ചിനീയർ |

| | | |
|---|---|---|
| 3-10 | 1,51,016 | ശ്രീ. വി. ഉസ്മാൻ, സെക്രട്ടറി |
| 3-11 | 56,31,499 | ശ്രീ. വി. ഉസ്മാൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സലോഷ്.കെ.തോമസ്, അസി. എഞ്ചിനീയർ | ശ്രീ.സലോഷ്.കെ.തോമസ്, അസി. എഞ്ചിനീയർ (താൽക്കാലികം) | കണ്ടോത്തറയ്ക്കൽ വീട്<br>പുത്തൻകുന്ന് – പി.ഒ<br>ബത്തേരി - 673592 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90, 1990-91 | എൽ. എഫ് (ഡബ്ല്യു) P1-427/14. 14.7.2000 |
| 1993-94 | എൽ. എഫ് (ഡബ്ല്യു) P1-427/14. 14.7.2000 |
| 1994-95, 1995-96 | എൽ. എഫ് (ഡബ്ല്യു) P1-427/14. 14.7.2000 |
| 1996-97 | എൽ. എഫ് (ഡബ്ല്യു) P1-427/14. 14.7.2000 |
| 1997-98 | എൽ. എഫ് (ഡബ്ല്യു) P1-427/14. 14.7.2000 |
| 1998-99 | എൽ. എഫ് (ഡബ്ല്യു) P4-966/08(1),06.09.2008 |
| 1999-2000 | എൽ. എഫ് (ഡബ്ല്യു) P4-351/18. 21.05.2018 |
| 2000-01 | എൽ. എഫ് (ഡബ്ല്യു) പി1-188/02,07.06.2003 |
| 2001-02 | എൽ. എഫ് (ഡബ്ല്യു) P3-467/04,14.10.2004 |
| 2002-03 | എൽ. എഫ് (ഡബ്ല്യു) പി4-107/07, 29.06.02.2008 |
| 2003-04 | എൽ. എഫ് (ഡബ്ല്യു) P4-661/08(1), 04.12.2008 |
| 2004-05 | എൽ. എഫ് (ഡബ്ല്യു) P4-351/18, 21.05.2018 |
| 2005-06 | എൽ. എഫ് (ഡബ്ല്യു) P4-841/09,08.01.2010 |
| 2006-07 | എൽ. എഫ് (ഡബ്ല്യു) P4-841/09. 8.1.10 |
| 2007-08 | എൽ. എഫ് (ഡബ്ല്യു) P4-842/09. 7.1.10 |
| 2008-09 | എൽ. എഫ് (ഡബ്ല്യു) P4-388/11. 1.10.11 |
| 2009-10 | എൽ. എഫ് (ഡബ്ല്യു) P4-677/13,15.03.2014 |

| | |
|---|---|
| 2010-11 | എൽ. എഫ് (ഡബ്ല്യൂ) P4-796/13,19.07.2013 |
| 2011-12 &<br>2012-13 | എൽ. എഫ് (ഡബ്ല്യൂ) P5-506/14, 18.04.2018 |
| 2013-14 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-475/15 , 17.08.2016 |
| 2014-15 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-429/16 ,25.03.2017 |
| 2015-16 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-880/16 , 01.08.2018 |
| 2016-17 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-പി4- 575/17,18.04.2018 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

**അനുബന്ധം- 1**

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി4-511/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 17/06/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം - 2

## വാർഷിക കണക്കിലെ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി4-511/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 17/06/2018

.. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വെച്ചിട്ടില്ല.
2. ഇൻകം ആന്റ് എക്സ്പെന്റീച്ചർ ഷെഡ്യൂൾ സംക്ഷിപ്തം പ്രകാരം 62.78 കോടി വരവും 62.92 കോടി ചെലവുമാണ് കാണിക്കുന്നത്. പ്രഥമദൃഷ്ട്യാ ശരിയല്ല എന്ന് കാണുന്നു. ഷെഡ്യൂൾ I-6 കോഡ് നമ്പർ 160100601പ്രകാരം NREGA വരുമാനമായി 50.89 കോടി ഉൾക്കൊള്ളിച്ചത് ശരിയായ കണക്കല്ല.
3. എല്ലാ ബാങ്ക് അക്കൌണ്ടുകളുടെയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്,ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി,സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

   ഉദാ:- എ).തനത് ഫണ്ട് അക്കൗണ്ട് നം.50357 മാർച്ച് മാസത്തെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

   ബി).ബി.ആർ.ജി.എഫ് അക്കൗണ്ട് നം.50637 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

   സി).പ്ലാൻ അക്കൗണ്ട് 9611 റീകൺസിലിയേഷൻ നടത്തിയിട്ടില്ല. അക്കൗണ്ട് നം.74294 ൽ വാർഷിക കണക്കും ബാങ്ക് പത്രികയും തമ്മിൽ വ്യത്യാസമുണ്ട്.

   ഡി).NFFWP ബാങ്ക് അക്കൗണ്ട് നം.7475 ന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

   ഇ).STSBഅക്കൗണ്ട് നം.0003 ന്റെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.
4. ബാങ്ക് റീകൺസീലിയേഷൻ പത്രിക പൂർത്തീകരിച്ചിട്ടില്ല.

   മുൻ വർഷത്തെ തുക ക്രമീകരിച്ചിട്ടില്ല.

   മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഉദാ- ചെക്ക് നം.270448/ 16.06.2017-2,620/-
5. വസ്തു നികുതി കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

   തൊഴിൽ നികുതി രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
6. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക്

തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ B-11(a) പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ഉദാ-പ്രോജക്ട് നം. 172/18- പൊതുകിണർ ആഴം കൂട്ടൽ - തുക – 320755/-

173/18- യുവജന ക്ലബ്ബ് നിർമ്മാണം - തുക- 741878/-.

9. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
10. അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
12. ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.
13. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യഗസ്ഥർ “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ മാത്രം ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ- എ).പ്രോജക്ട് നം.09/18 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, പരിപാലനം – തുക- 800956/-

ബി).പ്രോജക്ട് നം.354/18 കുളത്തുർ കുഴൽ കിണർ നിർമ്മാണം-84600/-

14. നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം-ബി-iv)സൂക്ഷിച്ചിട്ടില്ല.
15. Day book,Cash book എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
16. ബാലൻസ് ഷീറ്റിൽ "State Govt cesses /levies in property tax”(library cess) എന്ന ഇനത്തിലുള്ള തുക പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.